വാല്യം 3. ലക്കം 3.

കന്യകാമുനി

The Flower of Carmel



MAY 1907 MANNANAM.

സംഗതി വിവരം.

I. ദൈവജനനിയിൻ വണക്കമാസം.
II. വിശ്വാസപ്രമാണത്തിന്റെ ഫ വക്ഷരങ്ങളെ വ്യാഖ്യാനിക്കുന്ന സംഭവങ്ങൾ.
III. ഭൗമ്യപറുദീസാ.
IV. ഈശോയുടെ തിരുഹൃദയഭക്തിമൂലം സംഭവിച്ച പുതുമകൾ.
V. പരിശുദ്ധ ദിവ്യകാരുണ്യം വഴിയായി നടന്ന ഒരത്ഭുതസംഭവം.
VI. തിരുസ്സഭാചരിത്രം.
VII. പ്രതിജ്ഞാപത്രം.
VIII. ഒരു ഭക്തിയുള്ള അമ്മ വിദ്യാർത്ഥിയായ തന്റെ മകനോട് പറഞ്ഞ ഉപദേശം.
IX. തിരുഹൃദയ ഭക്തന്മാർ ജൂൺ ഇടവമാസത്തിൽ ചെയ്കേണ്ട പൊതുക്കരുതൽ.
X. ലോകവർത്തമാനച്ചുരുക്കം.

നോട്ടിസ്.

ആണ്ടൊന്നുക്കു തപാൽക്കൂലി ഉൾപ്പടെ ബ്രിട്ടിഷ് രൂപാ ഫ.
യാതൊരുത്തൻ ൪ പേരെ പത്തുവരിക്കാരായി ചേർത്തു പേരയക്കയും സ്വന്തമേൽവിലാസത്തിൽ പത്തുങ്ങട്ടെല്ലാം ഏറുവാങ്ങിച്ചു കൊടുക്കയും പത്തുവരി പിരിച്ചു ഒന്നാകെ അടയ്ക്കുകയും ചെയ്യുന്നതായാൽ അയാൾക്കു നാമത്തെ ഒരു പുസ്തകം സൌജന്യമായി കൊടുക്കപ്പെട്ടുന്നതാണ്.

മേൽവിലാസം.


"കർമ്മല കുസുമം" മാനേജർ അവർകൾക്കു,
Mannanam. മാന്നാനം.
Travancore.

Intending subscribers should send the amount of subscription in advance or they should specialy ask the Magazine being sent as per V. P. Post. As a rule it is resolved that the Magazine will be sent per V. P. Post to the intending subscriber and to our permanent subscribers whose term of subscription expired in case if they have not remitted the amount of subscription in advance. Those who have any objection to this should let us know of it before hand.

MANAGER.

മാസിക വരിക്കാരായി ചേരുവാൻ ആഗ്രഹിക്കുന്നവർ മുൻകൂർ പണമയച്ചു അപേക്ഷിക്കയോ അല്ലെങ്കിൽ മാസിക വി. പി ആയി അയക്കുവാൻ പ്രത്യേകം ആവശ്യപ്പെടുകയോ ചെയ്യണം. പണമടയ്ക്കാതെ മാസികയ്ക്കു ആവശ്യപ്പെടുന്നവർക്കെല്ലാം സാധാരണ വി. പ. ആയി മാത്രമെ അയക്കയുള്ളു. മാസികവരി അടച്ചിട്ടുള്ളതിന്റെ കാലാവധി കഴിഞ്ഞാൽ പിന്നെയുള്ള മാസികയും മുറക്കു ഇവിടെനിന്നും വി. പി. ആയി അയക്കപ്പെടും. മേൽപറഞ്ഞ രണ്ടു സാഗതികളിലും വി. പി. അയക്കുന്നതിൽ വിരോധമുള്ളവർ വിവരം മുൻകൂട്ടി അറിയിച്ചിരിക്കേണ്ടതാകുന്നു.

മാനേജർ.



പുസ്തകം ൩.) ഫൻാ മെയ്; (ലക്കം ൩.

ദൈവജനനിയിൻ വണക്കമാസം.

"ഇപ്പോൾ തുടങ്ങി സകല പരിഷകളും എന്നെ ഭാഗ്യവതിയെന്നു വിളിക്കും". (ലൂക്കാ ഉ. ൪൮.) കന്യാസ്ത്രീമറിയം സകല സ്ത്രീകളിൽവച്ചു 'ദൈവജനനി' എന്നീ മഹോന്നതസ്ഥാനത്തിന്നുയർത്തപ്പെട്ട ശേഷം അരുളിച്ചെയ്ത ഈ തിരുവചനം അന്നുമുതൽ ഇന്നുവരെ അക്ഷരാർത്ഥത്തിൽ നിറവേറി വരുന്നതായി നാം കാണുന്നു. എന്തുകൊണ്ടെന്നാൽ ദൈവ ജനനിയായ ഈ ഉത്തമകന്യകയെ എല്ലാകാലത്തിലും എല്ലാ ദിക്കിലും സകല ക്രിസ്ത്യാനികളും അത്ഭുതപരിചരിച്ചുവണങ്ങി തന്നെറനേരെ അവർക്കുണ്ടായിരിക്കുന്ന സ്നേഹ ഭക്തിയെ പ്രത്യക്ഷീകരിക്കുന്നതിൽ സദാ ജ്ഞാനമത്സരം ചെയ്യുവരുന്നുയെന്നുള്ളതു മറ്റുതലിച്ചുകൂടാത്തതും ജഗൽപ്രസിദ്ധമായതും ആയ ഒരു സംഭവമാകുന്നു. എന്നാൽ ഈ നാഥയുടെ നേരെ സാധാരണ ഭക്തികൊണ്ടു ക്രിസ്ത്യാനികൾ തൃപ്തിപ്പെടാതെ, ചില പ്രത്യേക സന്ദർഭങ്ങളിൽ പ്രത്യേക വണക്കം തന്നെറനേരെ പ്രദർശിപ്പിക്കുന്നതിന്നായുറച്ചു ആണ്ടിൽ ചില ദിവസങ്ങളും ദിവസത്തിൽ പ്രത്യേക നേരങ്ങളും എന്നുമാത്രമല്ല മാസവും ഇതിന്നായി പ്രതിഷ്ഠിച്ചിരിക്കുന്നു. ഇങ്ങനെയുള്ള ഒരു ഭാഗ്യസന്ദർഭമായിരിക്കുന്നു ഈ ഇടവമാസം. ഈ തിരുമാസത്തിൽ നമ്മുടെ ഈ അമ്മതന്നെറ മാദ്ധ്യസ്ഥാനത്തിനു സ്വന്തമായ കടത്തെ നമുക്കു ഭാഗ്യവും ഉപകാരവുമായി വരുവാൻ തക്കവണ്ണം നിറവേറുന്നതായിരിക്കയാൽ, മക്കളായിരിക്കുന്ന നാമും മക്കൾക്കടുത്ത നമ്മുടെ കടത്തിനൊത്തവണ്ണം പ്രവർത്തിക്കേണ്ടിയിരിക്കുന്നു. എന്നാൽ ന. അമ്മയുടെ സ്തുതിക്കായി എന്തു ചെയ്യേണ്ടിയിരിക്കുന്നു എന്നു സകലർക്കും നിഷ്പ്രയാസേന ഗ്രഹിക്കാവുന്നതായിരിക്കയാൽ, പ്രത്യേകിച്ചു ഇവിടെയൊന്നും പറയണമെന്നില്ല. ഈ മാസത്തിൽ ദേവാലയങ്ങളിലും വീട്ടുകളിലും നടത്തിവരുന്ന സൽകൃതാഭ്യാസങ്ങൾതന്നെ മുടക്കാതെ നിറവേറിയാൽ മതി; എങ്കിലും ഇപ്രകാരമുള്ള സൽകൃതകൃത്യങ്ങൾ നിറവേറുന്നതു ഈ നമ്മുടെ അമ്മയ്ക്കു അധിക സന്തോഷവും നമുക്കു വളരെ പ്രയോജനവും ആയി തീരുന്നതിന്നുവേണ്ടി ഒന്നാമതു തന്നെ എല്ലാപ്പോഴും പ്രത്യേകം ഈ തിരുമാസത്തിൽ സകല പാപങ്ങളിൽ നിന്നും ഒഴിഞ്ഞു ദൈവ വരപ്രസാദത്തോടുകൂടെയിരിപ്പാൻ ശ്രമിക്കേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ ഈ നമ്മുടെ നാഥ മുഴുവനും അഴകുള്ളവൾ എന്നു പറയുവാൻ തക്കവണ്ണം പാപത്തിന്നെറ കറകൂടാതെ ഉത്ഭവിക്കയും അപ്രകാരംതന്നെ ജീവിക്കുകയും ചെയ്തതിനാൽ, പിശാചിന്നെറ ഉഗ്രവൈ

രി ആയിരിക്കുന്നു. അപ്പോഴൊ ഈ അമ്മയുടെ തുഛ്യമക്കൾ നാമാകുന്നുയെന്നു പറയുന്നതിന്നു നാമും പിശാചിന്റെ ശത്രുക്കളായിരിക്കണം. എന്നാൽ ചാവുദോഷം ചെയ്യുയിൽ ദൈവശത്രുവും പിശാചിന്റെ സ്നേഹിതരും നാമായിതീരുന്നു. ഈ സ്ഥിതിയിൽ ചെയ്യുന്ന നമ്മപ്രവൃത്തികൾ തനിക്കു ഒട്ടും പ്രസാദിക്കയില്ലെന്നു താൻ പണ്ടൊരിക്കൽ ഒരു പടയാളിയെ മനസ്സിലാക്കി. അതെങ്ങിനെയെന്നാൽ: ഈ പടയാളി ദൈവവരപ്രസാദം കൂടാതെയെങ്കിലും മുടങ്ങാതെ ചില പുണ്യപ്രവൃത്തികളെ ദൈവജനനിയിൻ സ്തുതിക്കായി ചെയ്യുവന്നിരുന്നു. ഇങ്ങനെയിരിക്കയിൽ, ഒരു ദിവസം ഇവന്നു മരിപ്പാൻ തക്ക വിശപ്പു സഹിപ്പാനിടയായി. അപ്പോൾ പരിശുദ്ധ കന്യകമറിയം അവന്നു കാണപ്പെട്ട അഴക്കും അഴുദ്ധവും നിറഞ്ഞ പാത്രത്തിൽ കുറേ നല്ല ഭോജ്യപദാർത്ഥങ്ങളെ വച്ചുകൊണ്ടു അവന്നു നീട്ടിക്കൊടുത്തു. അപ്പോളവൻ ഹെ! ഇതിൽനിന്നു എങ്ങിനെ ഞാനെടുത്തു തിന്നും? തൊടുവാൻ ക്രൂടെ വെറുപ്പു തോന്നുന്നു എന്നു പറഞ്ഞതിന്നു ദൈവജനനി നീ ചാവുദോഷത്തോടുകൂടെയിരുന്നുകൊണ്ടു ചെയ്യുന്ന പ്രവൃത്തികളെ ഞാൻ കൈക്കൊള്ളണമെന്നു നീ മനസ്സാകുന്നതു എന്തൊരു തുനിവാകുന്നെന്നുത്തരിച്ചു മറഞ്ഞുപോയി. അതിനാൽ നമ്മുടെ പ്രവൃത്തികൾ മാതാവിന്നു പ്രസാദിക്കേണമെങ്കിൽ, നമ്മുടെ ഹൃദയം ശുദ്ധമുള്ളതായിരിക്കണം.

രണ്ടാമതു — ഒരു മകൻ തന്റെ അമ്മയെ പട്ടാങ്ങയായി സ്നേഹിക്കുന്നെങ്കിൽ, തന്റെ സഹോദരന്മാരേയും പരസ്പരം സ്നേഹിക്കേണ്ടിയിരിക്കുന്നു. അതെന്തുകൊണ്ടെന്നാൽ, അവർ ഈ അമ്മയുടെ മക്കളായിരിക്കുന്നു. ആകയാൽ ക്രിസ്ത്യാനികളെല്ലാവരും പരിശുദ്ധ കന്യാസ്ത്രീമറിയത്തിന്റെ മക്കളായിരിക്കയാൽ, ഈ അമ്മയെ സാക്ഷാൽ സ്നേഹിക്കുന്നവൻ അയല്ക്കാരെയും സഹോദരന്മാരേപ്പോലെ സ്നേഹിക്കേണ്ടിയിരിക്കുന്നു.

കടശ്ശി ഈ മാസത്തിൽ ചെയ്യുന്ന സുകൃതാഭ്യാസങ്ങൾ തഴക്കത്താലെയും ക്രമം കഴിക്കുന്നതിന്നുവേണ്ടിയെന്നപോലെയും ചെയ്യാതെ നമ്മുടെ പ്രവൃത്തികൊണ്ടു ഈയമ്മയെ ഇഷ്ടപ്പെടുത്തണമെന്നീ ഏകകരുത്തോടും സൂക്ഷത്തോടുംകൂടെ ആ വായനകളെ കേൾക്കയും ജപങ്ങളെ ചൊല്ലുകയും അതതു ദിവസത്തിലെ സുകൃതജപത്തേയും സൽക്രിയയെയും മനസ്സിൽ നിത്തി സുകൃതജപങ്ങളെ ദിവസത്തിൽ പലപ്പോഴും ചൊല്ലുകയും സൽക്രിയയെ നിറവേറുകയും ചെയ്യണം. വിശേഷിച്ചും ഓരോരുത്തൻ അവനവന്റെ വശത്തിന്നു തക്കവണ്ണം മേല്പറഞ്ഞ ലാക്കോടുകൂടെ മാത്രം ദൈവജനനിയിൻ പീഠങ്ങളെ അലങ്കരിക്കുന്നെങ്കിൽ, ഈ അലങ്കാരം കണ്ടുകൊണ്ടെങ്കിലും ഈ ഭക്തിയിൽ മാന്ദ്യരായിരിക്കുന്നവക്കു ഉത്സാഹവും തീണ്ണതയും ഉണ്ടാകും.

വിശേഷിച്ചു, ഈ നാഥയ്ക്കു വളരെ ഇഷ്ടവും വിശ്വാസികൾക്കു വളരെ പ്രയോജനവുമായ ഈ സുകൃതാഭ്യാസം നിറവേറുന്നതിന്നു ക്രിസ്ത്യാനികളിൽ ശുഷ്കാന്തി ജനിപ്പിക്കുന്നതിന്നു വേണ്ടി ഔംപീയൂസെന്ന പരിശുദ്ധ പിതാവു, ഈ തിരുമാസത്തിൽ ഓരോദിനം, ഭക്തിക്കേട്ടത്ത നമസ്കാരങ്ങളാലൊ പുണ്യാഭ്യാസങ്ങളാലൊ രഹസ്യമായിട്ടെങ്കിലും പരസ്യമായിട്ടെങ്കിലും ദൈവ ജനനിയെ ബഹുമാനിക്കുന്നവക്കു ലഭിപ്പാൻ പാടുള്ളതായ നൂറു ദിവസത്തെ ദണ്ഡവിമോചനവും ഈ തിരുമാസത്തിൽ ഓരോരുത്തൻ തെരിഞ്ഞെടുക്കുന്ന ദിവസത്തിൽ പാപോച്ചാരണം ചെയ്തു ദിവ്യകാരുണ്യം ഉൾക്കൊണ്ടു പരിശുദ്ധ പിതാവിൻ കരുതൽ സാദ്ധ്യാർത്ഥം പ്രാർത്ഥിക്കുന്നവക്കു ഒരു പൂർണ്ണദണ്ഡവിമോചനവും കല്പിച്ചു തന്നിരിക്കുന്നു. ഈ പരിഹാരഫലങ്ങൾ ശുദ്ധീകര ആത്മാ

ക്കൽക്കു കാഴ്ചവെപ്പാൻ പാടുള്ളവയാകുന്നു.

ആകയാൽ ഈ വണക്കമാസത്തെ വിശേഷ ഭക്തിപൂർവ്വം കൊണ്ടാടുന്നതിനു നാം ജ്ഞാനമത്സരം കൊള്ളേണ്ടതല്ലയോ?

II വിശ്വാസപ്രമാണത്തിൻറെ ഫ വകുപ്പുകളെ വ്യാഖ്യാനിക്കുന്ന സംഭവങ്ങൾ.

(മുൻലക്കം തുടർച്ച.)

ദൈവം സകലത്തിൻറെയും സൃഷ്ടിതാവാണെന്നാണല്ലൊ വിശ്വാസപ്രമാണത്തിൻറെ ഒന്നാം വകുപ്പു നമ്മെ പഠിപ്പിക്കുന്നതു. വിശ്വാസക്കുറവുള്ള മനുഷ്യർ ദൈവപരിപാലനയ്ക്കു വിരോധമായി പലപ്പോഴും ദുഷണം പറയുന്നുണ്ടെങ്കിലും തന്നിൽ ആശ്രയിക്കയും ശരണംവെക്കയും ചെയ്യുന്ന സകലരെയും ദൈവം പിതാവിനെപ്പോലെ എപ്പോഴും പരിപാലിച്ചുവരുന്നു.

ദൃഷ്ടാന്തം ക.

ബാബേൽ മഹാരാജ്യത്തിൽ അടിമകളായി കൊണ്ടുപോകപ്പെട്ട യൂദന്മാരുടെ ഇടയിൽ ദാനിയേൽ ദീഷ്ടദശിയുടെ കൂട്ടുകാരും അനുഗാമികളുമായ സിറാക്, മീശാക്, അബ്ദനാഗൊ എന്ന മൂന്നു ബാലന്മാർ ഉണ്ടായിരുന്നു. ഇവർ ബാബേൽ രാജ്യത്തിലെ വേദത്തിൽനിന്നു തീരെ വ്യത്യാസപ്പെട്ട ഒരു വേദം ആചരിച്ചുവരുന്നതാണെന്നും മറും ഇവരെക്കുറിച്ചു ദുഷ്യമായി ആ രാജ്യത്തിൻറെ രാജാവായ നബുഹദനാസ (നബുക്ക്ദനാസർ) രിൻറെ പക്കൽ ചില അരമനക്കാർ ദോഷാരോപണം ചെയ്തു. രാജാവിൻറെ ഒരു പ്രതിമ ഉണ്ടാക്കി ബാബേൽ പട്ടണത്തിൽ സ്ഥാപിക്കണമെന്നും അതിനെ സകല ജനങ്ങളും ആരാധിക്കണമെന്നു കല്പിക്കണമെന്നും ഇങ്ങനെ ചെയ്താൽ തങ്ങൾ പറഞ്ഞതിൻറെ വാസ്തവം അറിയാനിടവരുമെന്നും അവർ രാജാവിനൊട് ഉപദേശിച്ചുകൊടുത്തു. അവരുടെ ഉപദേശപ്രകാരം തൻറെ പ്രതിമ പൊന്നുകൊണ്ടു ഉണ്ടാക്കാൻ രാജാവു കല്പിക്കയും നിശ്ചയിക്കപ്പെട്ട ഒരു ദിവസം എല്ലാവരും അതിനെ ആരാധിക്കാൻ രാജാവു കല്പിക്കയും ചെയ്തു. മേല്പറഞ്ഞ മൂന്നു ബാലന്മാർ രാജ അരമനയിൽ വളർത്തപ്പെട്ടിരുന്നതിനാൽ മറുള്ളവരുടെ കൂട്ടത്തിൽ തങ്ങളും പോയി. എന്നാൽ നിശ്ചിത സമയത്തു ശേഷംപേരെപ്പോലെ അവ സത്യപത്തെ ആരാധിക്കുന്നതിനു പകരം നിന്നുകൊണ്ടു ഒരു വിഗ്രഹാരാധനയെപ്പറ്റി ദുഃഖിച്ച് തങ്ങളുടെ ഹൃദയത്തെ ദൈവത്തിൻ പക്കൽ ഉയർത്തി പ്രാർത്ഥിച്ചിരുന്നു. നബുഹദനാസർ ഇതറിഞ്ഞ് കോപപെരികൊണ്ട് ജീവനോടെ അവരെ തീക്കുണ്ഡലത്തിൽ ഇട്ടു ദഹിപ്പിക്കുന്നതിനു വിധിചെയ്തു. തീക്കുണ്ഡലത്തിനു അനേകം കോൽ ഉയരത്തിൽ തീജ്വാലകൾ പൊങ്ങത്തക്കവണ്ണം പതിവിലധികം വിറകടുക്കി അതു കത്തിക്കാനും കല്പിച്ചു. സീറാക്, മീശാക്, അബ്ദനാഗൊ എന്ന മേല്പറഞ്ഞ മൂന്നുബാലന്മാരും ചാടി ഒഴിഞ്ഞുപോകാതിരിക്കാൻ വേണ്ടി അവരെ കയറുകൊണ്ടു ബന്ധിച്ച് തീക്കുള്ളിൽ ഇട്ടു. എന്നാൽ ദൈവപരിപാലന അവരുടെമേൽ ഉണ്ടായതിനാൽ തീ അവരുടെ കെട്ടുകളെ പൊട്ടിയ്ക്കുമാത്രമെ ചെയ്തുള്ളു. തീജ്വാലകൾ ഇടത്തോട്ടും വലത്തോട്ടും മാറി ഒരു ആശ്വാസകരമായ മഞ്ഞു അവരുടെമേൽ വീണതിനാൽ തീക്കുണ്ഡലത്തിൻറെ നടുവിൽ ഒട്ടും വേദന അനുഭവിക്കാതെ നടന്നുകൊണ്ടു അത്യുത്തമമായ ഒരു പാട്ടു പാടുകയും തൻമൂലം ആകാശത്തെയും നക്ഷത്രത്തെയും ഭൂമിയേയും വൃക്ഷാദികളെയും തീയേയും സമുദ്രത്തെയും ഇങ്ങനെ എല്ലാ സൃഷ്ടികളെയും കർത്താവിൻറെ തിരുനാമത്തെ സ്തുതിക്കാൻ ക്ഷ

ണിക്കയും ചെയ്തിരുന്നു. ഇതു കണ്ടു് നു ബുഹദ്നാസർ രാജാവു വിസ്മയ പരവശനായി ഇതു വിശ്വസ്തന്മാരായ ദൈവശുശ്രൂഷികളോടു ഈ വിധം പെരുമാറിയതിൽ ലജ്ജിച്ചു് തീക്കുണ്ഡലത്തിൽനിന്നു അവരെ എടുക്കയും അവരുടെ മേൽ കുറ്റാരോപണം ചെയ്യുവരെ അതിലിട്ടു ദഹിപ്പിക്കയുംചെയ്തു.

ദൃഷ്ടാന്തം ൨.

ചിലക്കു നിർഭാഗ്യവും മറു ചിലക്കു ഭാഗ്യവും ഉണ്ടാകുന്നതിനെ കാണുമ്പോൾ വിശ്വാസക്കുറവുള്ളവർ ദൈവത്തെ ക്കൊണ്ടു കുറ്റം പറക പതിവാണു്. നല്ലവരായിരിക്കുന്നവക്കു അനർത്ഥങ്ങളുണ്ടാകുമ്പോഴാണു് പ്രത്യേകം മേല്പറഞ്ഞ വിധം പറയുന്നതു. എന്നാൽ ദൈവം നമുക്കു ചെയ്യുന്നതൊക്കയും എല്ലായ്പോഴും നമ്മുടെ ഗുണത്തിനായിട്ടാകുന്നു. അതു കൊണ്ടു് എന്തെല്ലാം അനർത്ഥങ്ങൾ നമുക്കു നേരിട്ടാലും ദൈവതിരുമനസ്സിനു എല്ലായ്പോഴും നാം കീഴ്വഴങ്ങിയിരിക്കേണ്ടതാണു്. ൦രംസംഗതിക്കു യോജിക്കുന്ന ചില സംഭവങ്ങൾ ഇവിടെ എടുത്തുപറയാം. നൊർമണ്ടി ദേശത്തുകാരനായ ഒരുത്തമ കൃസ്ത്യാനി തനിക്കു സംഭവിക്കുന്നതെല്ലാം തന്റെ ഏറ്റം വലിയ നന്മയ്ക്കായിട്ടാണ എന്ന എല്ലായ്പോഴും പറക പതിവായിരുന്നു. ഒരു ദിവസം ഇവൻ ഇംഗ്ലണ്ടിലേക്കു പോകാനായി ഒരുങ്ങി കപ്പൽ അന്വേഷിച്ചതിൽ ഉടനെ ഒരു കപ്പൽ പുറപ്പെട്ടുമെന്നു് അറിഞ്ഞു ധൃതിയിൽ അതിൽ ചെന്നു് കേറാനായി ഓടിയിരുന്നു. ഓട്ടത്തിന്റെ ശക്തികൊണ്ടു അവന്റെ കയ്യിൽ ഉണ്ടായിരുന്ന ഭാണ്ഡത്തോടുകൂടെ മറിഞ്ഞു വിണു ഒരു കാൽ ഒടിയുന്നതിനിടയായി. അപ്പോൾ അവനെ സഹായിക്കാനായി ചെന്നിരുന്ന ജനങ്ങളുടെ മുമ്പാകെ ഇതു ''എന്റെ വലിയ നന്മയ്ക്കായിസംഭവിച്ചതാണെന്നു'' അവൻ പതിവുപോലെ ഉച്ചസ്വരത്തിൽ പറകയുംചെയ്തു. അവർ ഇതുകെട്ടു വിസ്മയിച്ചു് അവന്റെ യാത്രയ്ക്കു വിഘ്നംചെയ്യുകയും കാലൊടിയുന്നതിനു ഇടയാകയും ചെയ്തതു൦രം സംഭവം അവന്റെ ഏറ്റം വലിയ നന്മയ്ക്കായി തീരുന്നതെങ്ങനെയെന്നു് അവനോടു ചോദിച്ചു. അതിനിക്കുറിയാൻ പാടില്ല, ദൈവവിചാരണക്കേ അറിഞ്ഞുകൂടൂ. എന്നിങ്ങനെ അവൻ ആ ചോദ്യത്തിനുത്തരം പറഞ്ഞു. ഏതാനും ദിവസങ്ങളുടെ ശേഷം, അവൻ കേറാനിരുന്ന കപ്പൽ അതിലെ കപ്പൽക്കാരോടും യാത്രക്കാരോടുംകൂടെ കടലിൽ താണുപോയതായി വർത്തമാനം വന്നെത്തി. അപ്പോൾ എല്ലാവരും അവന്റെ കാലൊടിഞ്ഞതു അവനു ഭാഗ്യമായി തീർന്നെന്നും അതു ''അവന്റെ ഏറ്റം വലിയ നന്മയ്ക്കായി സംഭവി'' ച്ചെന്നും അതിനാൽ അവന്റെ ജീവൻ രക്ഷിക്കപ്പെട്ടെന്നും ഗ്രഹിച്ചു-

ദൃഷ്ടാന്തം ൩.

ബോർഗാട്ട് എന്ന പട്ടക്കാരൻ ദൈവപരിപാലനയെപ്പറ്റി ഒരിക്കൽ പ്രസംഗം പറകയുണ്ടായി. പ്രസംഗം കഴിഞ്ഞ ഉടനെ ഒരു മനുഷ്യൻ അദ്ദേഹത്തിന്റെ പക്കൽ വന്നു് ഇപ്രകാരം പറഞ്ഞു. അച്ചാ! അങ്ങേ പ്രസംഗം ഞാൻ കേട്ടു, അതു വളരെ നന്നായിരുന്നു. എന്നാൽ അവിടുന്നു പ്രസംഗിച്ച സത്യത്തിനു ഞാൻ ഒരു വിപരീത സാക്ഷിയായിട്ടാണു ഇരിക്കുന്നതു. ദൈവം എന്നെ പരിപാലിക്കുന്നില്ല. ഇതുകേട്ടു നീ൦രം പറയുന്നതെന്താണെന്നു ആ പട്ടക്കാരൻ അവനോടു അപ്പോൾ ചോദിച്ചു. അതു ഞാൻ പറയാം, കായ്ം അപ്പോൾ അങ്ങേക്കു ഗ്രഹിക്കാൻ സംഗതിയാകും എന്നു മറുപടി പറഞ്ഞു. ഞാൻ ഒരു കൃഷിക്കാരനാണു്. എനിക്കു ഒരു ഭാര്യയും മൂന്നു മക്കളുമുണ്ടു. ഞങ്ങൾ എല്ലാവരും വളരെ ബുദ്ധിമുട്ടി വേല ചെയ്യുന്നു. ആകെയും യാതൊരുപദേവപ്രയോജനവും ഞങ്ങൾ ചെയ്തിട്ടില്ല, ചെയ്യുന്നുമില്ല, കർത്താവിനു ഊഴിയം ചെയ്വാനും നല്ല കൃസ്ത്യാനികളെപ്പോലെ ജീവിക്കാനും ആരംഭിച്ചിട്ടു ഇപ്പോൾ ഇരുപതു വർഷം കഴിഞ്ഞിരിക്കുന്നു. ഞാൻ

എല്ലായ്പോഴും ദൈവത്തിൽ എന്റെ ആശ്രയം വെക്കയും താൻ എന്നെ സഹായിക്കുമെന്നു ശരണപ്പെടുകയും ചെയ്യുവന്നു. എന്നാൽ എല്ലാം വൃഥാ ആയിപ്പോയി. ഇപ്പോൾ ഞാൻ ആറ്റിൽ ചാടി ചാകാൻ പോകയാണു്. ഈ അവസാനംവരെ വളരെ പണം ഇനിക്കു കൊടുത്തു രീക്കാനുണ്ടു, അതിനു നിവൃത്തിമാർഗ്ഗമൊന്നുമില്ലാത്തതിനാൽ ഞാൻ വളരെ ലജ്ജിക്കയും സങ്കടപ്പെടുകയും അപമതി സഹിക്കയും ചെയ്യുന്നു. ജീവിക്കുന്നതിനെക്കാൾ മരിക്കുനാണു ഞാൻ അഗ്രഹിക്കുന്നതു. അപ്പോൾ ടി. പട്ടക്കാരൻ, സ്നേഹിതാ! നീ ദൈവപരിപാലനയുടെ ഒരു നല്ല ജ്ഞാപകമായിതീരും, എത്ര പണം നിനക്കു കടമുണ്ടു? എന്നു അവനോടു ചോദിച്ചു. അ! പിതാവെ! അങ്ങുന്നെത്രയൊ നല്ല അളവാണു! മൂവായിരം പ്രാങ്കു (ഫ്രാ൦൦ രൂപാ) ഉണ്ടെങ്കിൽ എന്റെ കടമെല്ലാം രീക്കും എന്നു അവൻ അതിനു മറുപടി പറഞ്ഞു. ഇതാ രണ്ടായിരത്തഞ്ഞൂറു പ്രാങ്കിന്റെ ഒരു ചെക്കു (നോട്ടു). ഇതെടുത്തു നിന്റെ കടങ്ങൾ ഒക്കയും വീട്ടിക്കൊൾക. കുറെദിവസങ്ങൾക്കുമുമ്പു ദാനധർമ്മത്തെപ്പറ്റി ഞാൻ ചെയ്ത പ്രസംഗം കേട്ടിരുന്ന ഒരു പ്രഭു ഇതു ഇനിക്കു തന്നതാണു്. ഇതു നിർഭാഗ്യന്മാരുടെ രക്ഷയ്ക്കായി ചിലവു ചെയ്വാൻ അവർ എന്നെ ചുമതലപ്പെടുത്തുകയും ചെയ്തു. മേലിൽ ഒരിക്കലും ദൈവപരിപാലനയെപ്പറ്റി നീ സംശയിച്ചുപോകരുതു, എന്നു് ആ മനുഷ്യനോടു അദ്ദേഹം ഉപദേശിച്ചു അവനെ സമാധാനത്തിൽ പറഞ്ഞയച്ചു.

ר. ב. בדצמבר

III ദൈവ്യപരിദിസ.

(തുടർച്ച.)

സന്ന്യാസജീവിതത്തിൽനിന്നുളവാകുന്ന പ്രയോജനങ്ങൾ പന്ത്രണ്ടായി വിഭജിച്ചു, അവയിൽ ഓരോന്നിനെ പറ്റി സമാഹൃതിയായി പ്രസ്താവിക്കാം.

൧. വി. പിതാക്കന്മാരും ദൈവശാസ്ത്രികളും സന്ന്യാസജീവിതത്തെ ഒരു ജ്ഞാനസ്നാനമെന്നു വിളിക്കയും തന്നിമിത്തം ഇഹത്തിൽവെച്ചു മനുഷ്യൻ ചെയ്യുന്ന കുറ്റങ്ങൾക്കുള്ള പ്രായശ്ചിത്തകടങ്ങൾ സന്ന്യാസപ്രവേശനത്തോടെതന്നെ മോചിക്കപ്പെട്ടുവാൻതക്ക അശ്ചര്യമായ ശക്തി ഇതിനുണ്ടായിരിക്കുന്നു എന്നു പഠിപ്പിക്കയും ചെയ്യുന്നു. ഈ വിശേഷത സന്ന്യാസസഭയിൽ ചേരുന്നവക്കു് തിരുസ്സഭയുടെ അഗ്രേസരൻ നല്കുന്ന പൂർണ്ണദണ്ഡവിമോചനത്തിൽ നിന്നല്ല, പിന്നെയൊ മനുഷ്യൻ, തന്നെ ദൈവത്തിനു പ്രതിഷ്ഠിക്കുന്ന മാഹാത്മ്യപ്രവൃത്തിയുടെ പ്രകൃതിയിൽ നിന്നും സാരാംശത്തിൽ നിന്നും ഉളവാകുന്നെന്നു് വിചാരിക്കേണ്ടതാണു്. ചിലർ അഭിപ്രായപ്പെട്ടതുപോലെ ഈ പ്രതിഷ്ഠയാൽ വ്യാനുഷ്ഠാനം മാത്രമല്ല, സന്ന്യാസപ്രവേശനം കൂടെയും ഗണിക്കപ്പെടുന്നു. തന്നിമിത്തം വി. മറിയം മഗ്ദലെത്ത ദെപാസി ഒരു പരവശത്തിൽ ഇപ്രകാരംപറഞ്ഞു. "സന്ന്യാസവസ്ത്രം ധരിക്കുന്നതിനാൽ, ആത്മാവു കുറമില്ലായ്മയാൽ അലങ്കരിക്കപ്പെടുന്നു" കുറ്റം നിമിത്തം സ്വമനസ്സാക്ഷിയാൽ ശാസിക്കപ്പെടുന്ന ലൌകികർ, പൌരണ്യകാലത്തിൽ ദേവാലയങ്ങളിൽ അഭയം തേടുന്നതിനായി ഓടിക്കൂടിയിരുന്ന ആളുകൾക്കു തുല്യരാകുന്നു. അതുകയാൽ സകല സന്ന്യാസികളും ദൈവത്തുക്കുരം നീതിയുടെ ഭാരത്തോട്ടുകൂടെ തങ്ങളുടെമേൽ വീഴാതിരിപ്പാൻ വേണ്ടി, ഈ സങ്കേതയിടത്തെ വെറുത്തു പേക്ഷിക്കാതിരിപ്പാൻ ജാഗ്രുകന്മാരായിരിക്കട്ടെ. മാമുനിയായ വി. അന്തോനീസ് ഒരിക്കൽ പരവശനായിരിക്കയിൽ, തന്നെ ദൈവദൂതർ ആകാശത്തിലോട്ടയത്തുന്നതും, അന്നേരം തന്നെ പിശാചുക്കൾ അതിനു സമ്മതിക്കാതെ വിരോധിക്കുന്നതും കണ്ടു. വി. അന്തോ

നീസ് നിഷ്കളങ്കനായിരിക്കെ, അയാളുടെ ഉത്ഥാനത്തിനു വിഘ്നം ചെയ്യുന്നതിനു കാരണമെന്തെന്നു ദൈവജ്ഞർ അപേക്ഷിക്കപ്പെട്ട അരൂപികളോടു ചോദിച്ചപ്പോൾ, ഇയ്യാൾ ലോകത്തിൽവെച്ചു ചെയ്തിട്ടുണ്ടായിരുന്ന ചില കുറ്റങ്ങളെ അവർ എണ്ണിവിവരിച്ചു. അതിനു വാനാരൂപികൾ വി. അന്തോനീസ് സന്ന്യാസത്തിൽ പ്രവേശിച്ചതിനോടെ അയാൾ ചെയ്ത കുറ്റങ്ങളെല്ലാം മോചിക്കപ്പെട്ടുവെന്നും ഇനി ഇയ്യാളെ തടയുന്നതിനു യാതൊരർഹതയുണ്ടാകണമെങ്കിൽ, അതിൽ പിന്നെ ചെയ്തായ വല്ലൊരു കുറ്റം അയാളുടെ പേരിൽ ആരോപിക്കേണ്ടിയിരിക്കുന്നു എന്നും പ്രത്യുത്തരം പറഞ്ഞു. അപ്പോൾ ആ അപഭ്രാതൃപികൾ അതിനു അശക്തരായി വി. അന്തോനീസിനെ ഉപദ്രവിക്കാതെ, അയാൾ പാരീഭവിച്ച സമാധാനത്തിൽ വെച്ചേച്ചു പിന്തിരിയുന്നതിനു നിർബന്ധപ്പെട്ടു. വി. ഇറാനീമോസ്, വി. അൻസെൽമൂസ്, വി. ബർണ്ണാർദ്, വി. തോമ്മാ, വി. പത്രോസ് ദമിയാൻ, വി. ലെയോൻസിയൂസ്, സിൽവെസ്റ്റർ, ബെല്ലർമീൻ, സ്വാരേസ്, ലെസ്സിയൂസ്, പ്ലാന്റുസ്, ലെമെൻ, ഡാൻഫെസ്, റൊദിഗെവസ് ആദിയായ മഹാന്മാർ സന്ന്യാസത്തെ പുനർജ്ഞാനസ്നാനമെന്നു വിളിക്കുന്നു.

൨. സന്ന്യാസസഭ്യനൽകി അരുളിയിരിക്കുന്നതുപോലെ ഇതുയേറെ ദണ്ഡവിമോചനങ്ങൾ മറാർക്കും നല്കപ്പെട്ടിട്ടില്ല. ഈ ദണ്ഡവിമോചനങ്ങൾ സഭാംഗങ്ങൾക്കു മാത്രമല്ല. ശ്രുഭീകരസ്ഥലത്തിലെ അനാദരാത്മാവുകൾക്കു ക്രൂടെയും ഉപയോഗപ്പെടുത്താവുന്നതാണ്. ഈ ദണ്ഡവിമോചനങ്ങൾ ഇതേവരെ നല്കപ്പെട്ടിരിക്കുന്നതിൽ അതിനിശ്ചയമുള്ളതാകുന്നു. അതെന്തെന്നാൽ പാപ്പാമാർ തിരുസ്സഭയുടെ ജ്ഞാനനിക്ഷേപം തുറക്കുന്നതിനു മുമ്പു സന്ന്യാസാശ്രമങ്ങളിൽ അനുഷ്ഠിച്ചുവരുന്ന ജീവതപം ആത്മരക്ഷക്കുവേണ്ടിയുള്ള അദ്ധ്വാനങ്ങൾ കീഴ്വഴക്കം ആദിയായ മറ്റുപുണ്യങ്ങളെയും പരിപക്വമായാലോചിച്ചാണ് അവയെ കല്പിച്ചരുളിയിരിക്കുന്നത്. സന്ന്യാസികളുടെ മാതാപിതാക്കൾക്കും സഭയുടെ ഉപകാരികൾക്കും സന്ന്യാസവസ്ത്രം ഭക്തിപൂർവ്വം ചുംബനംചെയ്യുന്നവർക്കും അനവധി വിശേഷവരങ്ങൾ നല്കപ്പെട്ടിരിക്കുന്നു.

൩. സന്ന്യാസവസ്ത്രധാരണത്താലും വിശിഷ്യാ സാരവത്തായ മൂന്നു വ്രതാനുഷ്ഠാനത്താലും നീ മേത്തരമായ ഒരു പൂജിത പ്രതിഷ്ഠയുടെ പദവിയെ പ്രാപിക്കുന്നതിനാൽ, നീ പള്ളിയുടെ പ്രമാണങ്ങളാൽ അലംഘനീയമായി ആദരിക്കപ്പെട്ടതു. സന്ന്യാസിയെയാതൊരുത്തൻ കയ്യേറ്റം ചെയ്താൽ ബഹിഷ്കരിക്കപ്പെട്ടും. പുരാതനകാലത്തിൽ ദേവാലയങ്ങൾപോലെതന്നെ, സന്ന്യാസാശ്രമങ്ങളും ലൌകികാധികാരത്താൽ നിശ്ചയിക്കപ്പെട്ടുന്ന ശിക്ഷാവിധികളിൽനിന്നു ഒഴിയുന്നതിനു ചില കുറ്റക്കാർക്കു അഭയസ്ഥാനങ്ങളായി സ്വീകരിക്കപ്പെട്ടിരുന്നു.

൪. സന്ന്യാസാശ്രമത്തിൽ ദേവദ്രവ്യാദിമാനങ്ങൾ ക്രൂടക്രൂടെ കൈക്കൊള്ളുന്നതിനുള്ള സൌകര്യമുണ്ടായിരിക്കുന്നു. പ്രത്യേകിച്ചു അപകടമുള്ളതും അകസ്മികമായതുമായ ദീനങ്ങളിൽ അവകളെ കൊടുക്കുന്നതിനു തയ്യാറുള്ളതിനാൽ, ഇതിനു അതിസൌകര്യമുണ്ടായിരിക്കുന്നു. നമ്മുടെ കർത്താവു പ്രസന്നനായിരിക്കുന്ന ഒരു ഭവനത്തിലുള്ള വാസവും ദിവ്യകാരുണ്യത്തിന്റെ നിരന്തരസാമീപ്യവും ഹിതാനുസരണം തന്നെ സന്ദർശിപ്പാനുള്ള സൌകര്യവും സാക്ഷാൽ ഒരു മഹാ ഭാഗ്യവും ആശ്വാസവുമല്ലയൊ? സാക്ഷാൽ ഇതു ഒരു അമൂല്യ അനുഗ്രഹംതന്നെ. വി. മറിയം മഗ്ദലെത്ത ദെപാസീസ് ദിവസത്തിൽ മുപ്പതുപ്രാവശ്യത്തോളം ദിവ്യകാരുണ്യത്തെ സന്ദർശിച്ചിരുന്നു. ളയീസ് ദെപ്പൊന്തെ എന്ന പുണ്യാത്മാവു ദിവസത്തിൽ നൂറുപ്രാവശ്യം ദിവ്യകാരുണ്യ

ത്തെ ആരാധിച്ചിരുന്നെന്നും ചിലപ്പോൾ, രാത്രിമുഴുവനും ദിവ്യകാരുണ്യ സന്നിധിയിൽ മുട്ടുകുത്തി നിന്നിരുന്നുഎന്നും പറയപ്പെട്ടുന്നു. "നിന്റെ സന്നിധിയിൽ എപ്പോഴും നിന്നു നിന്റെ ജ്ഞാനം കേൾക്കുന്ന ദാസർ ഭാഗ്യവാന്മാരാകുന്നു" എന്നു സാബാ രാജ്ഞി ശ്ലോമോനോടു പറഞ്ഞ വചനങ്ങൾ സന്യാസികളെക്കുറിച്ചു യുക്തിപൂർവ്വം പറയാവുന്നതാണ്. (രാജാക്കൾ ൧൦. വ്വ.)

അപ്പൊഴൊ സന്യാസം സാക്ഷാൽ ഭൌമപരദീസായാകുന്നുവെന്നു ഗ്രഹിക്കാത്തവൻ പ്രസ്തുതഭാഗ്യങ്ങളുടെയും ദാനങ്ങളുടെയും മഹത്വം എത്രമാത്രമെന്നു ഗ്രഹിക്കുന്നില്ല എന്നു പറയേണ്ടിയിരിക്കുന്നു.

ഫ. ൨. ൮

IV ൦രംശോയുടെ തിരുഹൃദയഭക്തി മൂലം സംഭവിച്ച ചില പുതുമകൾ.

ഒന്നാം പുതുമ.

ഫ്വരെ ൧൦കാലം വൃശ്ചികമാസം ൧൯-നു ൧൦൨൰ ഭക്തിയുള്ള ഒരു കുടുംബമാതാവിനു കഠിനമായ ഒരു ജ്വരം പിടിപെട്ടു. മൂന്നാഴ്ചകൾക്കുള്ളിൽ ഏറ്റവും വീര്യമുള്ള ഔഷധങ്ങളെ പ്രയോഗിച്ചു എങ്കിലും അതെല്ലാം നിഷ്ഫലമായി. കടശി രക്ഷപെടുവാൻ ഒരു ശരണവും കാണുന്നില്ലാ എന്നു വെളിപ്പെട്ടു. വ്യസനകരമായ ൦രം സന്ദർഭത്തിൽ ദീനക്കാരിയുടെമേൽ വാത്സല്യമുണ്ടായിരുന്ന ആളുകൾക്കു ഒരേകാശ്വാസംമാത്രം ശേഷിച്ചിരുന്നു.

ചിലപ്പോൾ ഒട്ടുക്കത്തെ സമയം അടുത്തപ്രകാരം ഒരു ശക്തിപെട്ട ഭാവഭേദം വന്നു പരവശപ്പെട്ടുത്തുമ്പോൾ സങ്കടപ്പെട്ട് ൦രം കുടുംബവാസികൾ ൦രംശോയുടെ തിരുഹൃദയത്തിന്റെ ഒരു പടത്തിൻ മുമ്പാകെ, മരണപ്രമാദത്തിൽ കിടക്കുന്നവരുടെ ശരണമായ വന്ദിക്കപ്പെട്ട ൦രംശോയുടെ തിരുഹൃദത്തിന്റെ പ്രാർത്ഥന ചൊല്ലുവാനായി കൂടിയിരുന്നു. ദീനക്കാരത്തി പനിയുടെ ശക്തികുറെ കുറഞ്ഞു സുബോധമുണ്ടാകുമ്പോൾ അവളുടെ കണ്ണുകളെ തിരിച്ചു സ്നേഹത്തോടുകൂടെ ആ പടത്തിന്മേൽ നോക്കിയിരുന്നു. ധനുമാസം ൨൰൦൨- ഭക്തിയുള്ള ൦രം സ്ത്രീ ശക്തിഹീനയായി കിടക്കയിൽ തന്റെ മക്കളെ തന്റെ ചുറ്റിലും വിളിച്ചുകൂട്ടി മാതാവിന്നടുത്ത തന്റെ ഒടുക്കത്തെ ഉണർത്തുപാടുകളേയും അവർക്കു ചൊല്ലികൊടുത്തു. പിറ്റേദിവസം രാത്രി മുഴുവനും അവൾ മരണപ്രമാദത്തിൽ കിടന്നു. ധനുമാസം ൨൰൦൨- അമലോത്ഭവമാതാവിന്റെ തിരുനാൾ ദിവസത്തിൽ വ്യസനപ്പെട്ടവരായ ൦രം കൂട്ടുബക്കാർ ൦രംശോയുടെ തിരുഹൃദയത്തിന്നുള്ള നൊവേനയുടെ ഒൻപതാംദിവസം കഴിച്ചു. കാലത്തു ആറു മണിക്കു ദീനക്കാരത്തി തന്റെ നിയോഗം പോലെ ചൊല്ലിച്ച ദിവ്യപൂജയ്ക്കു കൂടണമെന്നു ആഗ്രഹിച്ചു കട്ടിലിന്മേൽ അല്പം എഴുന്നേല്പിച്ചിരുത്തുവാൻ പറഞ്ഞു. പക്ഷെ ക്ഷീണത്തിന്റെ ആധിക്യംകൊണ്ടു തല ചൊവ്വെ നിവർത്തി, ഇരിപ്പാൻ പാടില്ലായിരുന്നു. എന്നാൽ അടുക്കൽ നിന്നവർ അതിന്നു പ്രയാസപ്പെട്ടാതെയും നിവർത്തുവാൻ കഴിഞ്ഞില്ല. നിങ്ങൾ പ്രയാസപ്പെടുത്തിട്ടു കാര്യമില്ല ഞാൻ മരിപ്പാൻ പോകുന്നു, എല്ലാം അവസാനിച്ചിരിക്കുന്ന പ്രകാരം ഇനിക്കു തോന്നുന്നു എന്നു ദീനക്കാരത്തി പറഞ്ഞു. ഇതിന്റെശേഷം അവൾക്കു പെട്ടന്നു ഏറ്റവും ശക്തിയുള്ള ഒരു വേദനയുണ്ടായി. പക്ഷേ ൦രംശോയുടെ തിരുഹൃദയം അങ്ങേ സ്വശക്തി കാണിപ്പാനുള്ളതിനു തിരഞ്ഞെടുത്ത സമയം അതായിരുന്നു. ഉടനെ ദീനക്കാരത്തി എഴുന്നേറ്റുകൊണ്ടു 'ഇനിക്കു സുഖമായിരിക്കുന്നു' എന്നു പറഞ്ഞു.

ഇവളെ സൂക്ഷിച്ചുകൊണ്ടിരുന്ന ആ

ളകൾ ഇതു ഒരു ബോധകേടിന്റെ ഭാവമാകുന്നു എന്നു പറഞ്ഞു. രോഗി വസ്തുങ്ങൾ ഉടത്തു ഉടനെ ഔറംശോയുടെ തിരുഹൃദയപടത്തിന്റെയും, അമലോത്ഭവമാതാവിൻ സ്വരൂപത്തിന്റെയും മുൻപാകെ മുട്ടിന്മേൽനിന്നു. അപ്പോൾ അവളുടെ മക്കൾക്കുണ്ടായസന്തോഷവും തൃപ്തിയും ആശ്ചര്യവും പറഞ്ഞൊപ്പിക്കാവതല്ലായിരുന്നു. അവർ കണ്ണുനീർ ചിന്തിക്കൊണ്ടു ഔറംശോയിക്കും മറിയത്തിനും സ്തോത്രം ചെയ്വാൻ മാത്രം വശമുള്ളവരായിരുന്നു. എല്ലാ ദിവസവും അവളെ കാണ്മാൻ ചെന്നിരുന്ന ആളുകൾ അനവധിയായിരുന്നു. ഔറം ഭാഗ്യപ്പെട്ട സ്ത്രീ പൂജിതമായ ഔറംശോയുടെ തിരുഹൃദയത്തെ മൂണ്ടിക്കാണിച്ചു കൊണ്ടു ഔറം ഔറംശോയെ എന്നെ സുഖപ്പെടുത്തിയതു എന്നു പറഞ്ഞുകൊണ്ടുവരികയും ചെയ്ക പതിവായിരുന്നു. അവൾ ഔറം തിരുഹൃദയത്തിനു നേന്നിട്ടുണ്ടായ ഒരു നേച്ചയെ സന്തോഷത്തോടുകൂടെ നിറവേറി. ഔറം നേച്ചവഴിയായി പ്രാപിച്ച അസംഖ്യമനോഹരങ്ങൾ മേതുവായിട്ടു ഇതു ഏറ്റവും അറിയപ്പെട്ടതാകുന്നു. അതെന്തെന്നാൽ ഒരു നിശ്ചയിക്കപ്പെട്ട കാലത്തിനകത്തു എല്ലാ മാസത്തിന്റെയും ആദ്യ വെള്ളിയാഴ്ച കുമ്പസാനകൈക്കൊള്ളുന്നുണ്ടെന്നുള്ള നേച്ചയത്രെ അവൾ ചെയ്തതു.

രണ്ടാം പുതുമ.

ബെൽജിയ എന്ന ദിക്കിൽ ഒരു ഇടവകയിൽ മദ്യപാനത്തിൽ ഏറ്റവും തഴക്കക്കാരനായ ഒരു മനുഷ്യൻ ഉണ്ടായിരുന്നു. ഇതിനാൽ അവന്റെ കുടുമ്പുകൾക്കു ഇരുപത്തഞ്ചു വർഷത്തിലധികം വളരെ ദുഃഖത്തിനും സങ്കടത്തിനും കാരണമായി തീർന്നു. ഏതാണ്ടു കാലം ശുശ്രൂഷിയുള്ള ഒരു പട്ടക്കാരൻ അവിടെ ഔറംശോമിശിഹായുടെ തിരുഹൃദയത്തെക്കുറിച്ചു ഒരു പ്രസംഗം പറഞ്ഞു. അതു ഏറ്റവും താല്പര്യത്തോടുകൂടെ അനേകംപേർ കേട്ടു നിന്നിരുന്നു. അവരിൽ മദ്യപാനിയായ ഔറം മനുഷ്യനും മറ്റെല്ലാവരെക്കാളും ഏറ്റവും ഹൃദയ ഇളക്കം ഉണ്ടായി. ഔറംശോമിശിഹായുടെ ഏറ്റവും സ്നേഹിക്കപ്പെട്ട തിരുഹൃദയത്തിനു മനുഷ്യരുടെ നേരെയുള്ള അതിരറ്റ സ്നേഹത്തിന്റെ അവസ്ഥയെക്കുറിച്ചുള്ളസംഗതികൾ ഔറം ദൈവഭയമില്ലാത്തവന്റെ വായിൽ നിന്നു കേട്ടയുടനെ ഏറ്റവും ഭയങ്കരമായ സത്യങ്ങൾ ഒന്നുകൊണ്ടും ഇളകാതെയിരുന്ന അവന്റെ കഠിനഹൃദയം അലിഞ്ഞു. 'എന്റെ ഹൃദയത്തിന്മേൽ ഉള്ള ഭക്തിയാൽ പാപികൾക്കു പാപത്തിനു പൊറുതി കിട്ടുമെന്നുള്ള ഉറപ്പുണ്ടാകും എന്റെ ഹൃദയം അറുതിയില്ലാത്ത അനുഗ്രഹത്തിന്റെ ഒരു കാലാകുന്നു' എന്നു ഔറംശോമിശിഹാ തന്റെ തിരുഹൃദയത്തെ വെളിപ്പെടുത്തിക്കൊണ്ടു മർഗരീത്താമറിയം എന്ന ഭാഗ്യവതിയോടു അരുളിച്ചെയ്ത ഔറം വചനങ്ങളെ അപാപി കേട്ടപ്പോൾ കരഞ്ഞുതുടങ്ങി.

ഔറം മാതൃയിൽ അനുഗ്രഹിക്കപ്പെട്ടവൻ തനിക്കുകിട്ടുമെന്നു ശരണപ്പെട്ടവാൻ തുനിയാതിരുന്ന മനോഹരത്തെ കിട്ടിയെന്നു അവൻ ഗ്രഹിച്ചു. അതായതു അവന്റെ ദോഷങ്ങളെക്കാൾ ഏറ്റവും വലിയ അനുഗ്രഹവും അവന്റെ ദുരാശകളേക്കാൾ ഏറ്റവും ബലമുള്ള വരപ്രസാദവും ഉള്ളിൽ സിദ്ധിച്ചതായി അവൻ ഗ്രഹിച്ചു. പ്രസംഗം കഴിഞ്ഞയുടനെ പ്രസംഗക്കാരന്റെ പാദത്തിങ്കൽ ചെന്നുവീണു പിതാവെ! ഞാൻ വളരെ പാപങ്ങളെ ചെയ്തു എന്നാൽ അച്ചൻ എന്റെ ഹൃദയം ഇളക്കി എന്നെ കുമ്പസാരിപ്പിക്കണമെന്നു അപേക്ഷിച്ചു. ഔറം മനസ്സുതിരിവു ഏറ്റവും നിഷ്കപടമായതും നിലനിൽപുള്ളതുമായിത്തീർന്നു. ഒരടിയാൽ തന്റെ പാപങ്ങളോടു കെട്ടിയിരുന്ന കെട്ടുകളൊക്കയും പൊട്ടിച്ചു പഴയതന്റെ ചങ്ങാതിമാരേയും ചിത്തജീവിതത്തിനു കൂട്ടിയിരുന്ന കൂട്ടുകാരേയും ഉപേക്ഷിച്ചു ഒരു പുതിയ ക്രൂസീയജീവിതം ആരംഭി

ച്ചു. പിന്നെ മാസത്തിൽ രണ്ടു തവണ എങ്കിലും ശുദ്ധ കുർബാന കൈക്കൊണ്ടുവന്നു. ഒരു മനസ്സുതിരിവു കണ്ടിട്ടു ഇടവക മുഴുവനും ഇതു വലിയ അത്ഭുതം എന്നു വിചാരിച്ചു വന്നു. ഇതു അതിശയമായ മനസ്സുതിരിവിനെ നിറവേറിയ മിശിഹായുടെ തിരുഹൃദയം വേഗത്തിൽ അതിനു ഒട്ടുക്കത്തെ മുടി വെപ്പാൻ തിരുമനസ്സായി. ആയതു എങ്ങിനെ എന്നാൽ പിന്നെ ഒരാണ്ടു കഴിഞ്ഞശേഷം ആ ഇടവകയിൽ ഒരു മുഴുവൻ ധ്യാനം ഉണ്ടായി. അതിനു ഒരു മനസ്സുതിരിഞ്ഞവൻ എല്ലാ ദിവസവും കൂടിയിരുന്നു. ഇവനു മനുഷ്യരുടെ പാപം കൊണ്ടുള്ള നിന്ദികേടിനേയും ദൈവത്തിൻെറ സ്നേഹത്തേയും കുറിച്ചുള്ള വർത്തമാനങ്ങളെ കണ്ണുനീർ ചിന്താതെ കേൾപ്പാൻ വശമായിരുന്നില്ല. ഒരു ദിവസം കാലത്തെ ധ്യാനം കഴിഞ്ഞിട്ടു ഉടനെ കുമ്പസാരിക്കണമെന്നു ഇവനു തോന്നി കുമ്പസാരിപ്പാൻ പുറപ്പെട്ടു. പാപോച്ചാരണം ചെയ്യുവാൻ ഉച്ചക്കു മുൻപു കഴിഞ്ഞില്ല. അവൻെറ അന്ത്യസമയം അടുത്തു വരുന്ന പ്രകാരം അവൻ അറിഞ്ഞു എന്നും വിചാരിപ്പാനിടയുണ്ടു്. എന്തെന്നാൽ അവൻ കുമ്പസാരവും കുർബാന കൈക്കൊള്ളുപ്പാട്ടും കഴിഞ്ഞിട്ടു, വീട്ടിൽ ചെന്നയുടനെ മുറിയിൽകയറി കട്ടിലിന്മേൽ കിടന്നു. എന്നാൽ അവൻ എന്തുചെയ്യുന്നുവെന്നു അറിവാനായി മറ്റുള്ളവർ നോക്കിയപ്പോൾ അവൻ കത്തിയാവിൽ നിദ്രപ്രാപിച്ചുകിടക്കുന്നതിനെ കണ്ടു. അപ്പൊഴൊ ഈ മരണത്തിൻെറ സാമാന്യമല്ലാത്ത ചുറുപാടുകളെ സൂക്ഷിക്കുമ്പോൾ തൻെറ മനസ്സുതിരിവിൻെറശേഷം അവൻ വളരെ സ്നേഹിച്ചിരുന്ന ഒരുശോമിശിഹായുടെ തിരുഹൃദയത്തോടു അവൻ ഒന്നിച്ചിരിപ്പാൻ പോയിരിക്കുന്നു എന്നതിന്മേൽ സംശയിപ്പാൻ പാടില്ല.

V പരിശുദ്ധ ദിവ്യകാരുണ്യം വഴിയായി നടന്ന ഒരൽഭുത സംഭവം.

രക്ഷിതാവിൻെറ സഭക്കാരനായ ഒരു മിസ്യൊനാരി ഈയാണ്ടു മീനം ഇരുപത്തൊന്നാം തിയ്യതി കൊളംബിയായിലെ ബൂഗാ എന്ന സ്ഥലത്തുനിന്നു അയാളുടെ ഒരു സഹോദരനയച്ച എഴുത്തിൽ മധ്യരേഖക്കു വടക്കും കൊളംബിയായുടെ ദക്ഷിണഭാഗങ്ങളിലും പാസിഫിക്കു സമുദ്രതീരങ്ങളിലും ഉണ്ടായ ഭൂകമ്പത്തിൽ നടന്ന ഒരത്ഭുത സംഭവം വർണ്ണിക്കപ്പെട്ടിരിക്കുന്നു. ഈ ഭൂകമ്പത്തിനു വാൽപൈറെയിസൊയിൽ ഈയിടയുണ്ടായ ആപൽകരസംഭവങ്ങളോടു ഏതെങ്കിലും അല്പസംബന്ധമുണ്ടെന്നുള്ളതു നിഷേധിക്കപ്പെടുവാൻ വഹിയാത്ത ഒരു വാസ്തവമാണു്. അതെങ്ങിനെയെങ്കിലുമിരിക്കട്ടെ. ഈ വിവരണത്തിൽനിന്നു ധീരതയുള്ള വിശ്വാസത്തിൻെറ മഹത്തായ ഒരു ദൃഷ്ടാന്തവും സ്പഷ്ടമാകുന്നുണ്ടു്.

ഈ മിസ്യൊനാരി പറയുന്നതായതു: "തുമെസ് ഇടവക വളരെ തുരുത്തുകളെ അടക്കിക്കൊള്ളുന്ന ഒരു ചെറിയ അക്കിപ്പെലാഗൊവാണു്. ഈ ദ്വീപുകളിൽ പ്രധാനമായതു തുമാക്കൊ എന്ന തുരുത്താണു്. അവിടെ വളരെ കപ്പലുകൾ അടുക്കുന്നുണ്ടു്. ഇവിടെ മകരം ൨൨-ാം രാവിലെ ൧൦ മണിക്കു ഒരു ഭൂകമ്പമുണ്ടായി. ഈയിളക്കം ഭയങ്കരവും ദീർഘനേരത്തേക്കു നിലനില്ക്കുന്നതുമായിരുന്നു. ചിലസ്ഥലങ്ങളിൽ ഏഴു വിനാഴികനേരത്തെക്കും, മറ്റു ചിലടത്തു കാൽ മണിനേരത്തേക്കും ദീർഘിക്കയും എല്ലായിടത്തും വലുതായ നാശവും ഭയവും വരുത്തുകയും ചെയ്തു. ൧൧ മണിക്കു, ദിക്കുമുഴുവനും മൂടിക്കളയുവാൻ തക്കവണ്ണം സമുദ്രജലം പർവ്വതസമാനം ഉയർന്നുനില്ക്കുന്നതിനെ തുമാക്കൊ നിവാസികൾ കണ്ടു. എല്ലാവരും

അത്യന്തം ഭയപ്പെട്ട, 'നാമെല്ലാവരും നശിക്കയെയുള്ളു' എന്നും മറും മനസ്സിളക്കത്തക്കവാക്കുകളെ പറഞ്ഞു ഉറക്കെ നിലവിളിപ്പാൻ തുടങ്ങി.

കടൽതീരത്തിൽ നിന്നിരുന്ന പട്ടക്കാരനോട്ട, തങ്ങൾക്കു് അടച്ചുറുമാനൽകുന്നതിനപേക്ഷിപ്പാനായി അദ്ദേഹത്തിന്റെ പക്കലേക്കു് എല്ലാവരും ക്രുട്ടമായി ഓടിച്ചെന്നു. ധൈര്യശാലിയായ ആ ഗുരുവിനു ഇവരുടെ വരവിനെ കണ്ടപ്പോൾ സ്വഭാവത്തിൽനിന്നു ഒരു വിചാരമുണ്ടായി. അദ്ദേഹം വേഗത്തിൽ പള്ളിയിൽചെന്നു ധീരതയുള്ള വിശ്വാസത്താൽ പ്രേരിക്കപ്പെട്ടവനായി പരിശുദ്ധ ദിവ്യകാരുണ്യത്തെ എടുത്തുകൊണ്ടുവന്നു. ജരാർട്ട് ലറൻഡൊ എന്ന പട്ടക്കാരനോട്ടം ജപിച്ചുകൊണ്ടു തന്റെ പിന്നാലെ വരുന്ന ജനക്കൂട്ടത്തോടൊരുമിച്ചു കടൽത്തീരത്തിലേക്കു പിന്തിരിഞ്ഞു. ക്ഷോഭിച്ചിരിക്കുന്ന സമുദ്രത്തിൻനേരെ മഹാവിശുദ്ധമായ ദിവ്യകാരുണ്യത്തെ പിടിച്ചു. അക്ഷണത്തിൽതന്നെ അത്ഭുതമുണ്ടായ അജലപർവ്വതം തകർന്നുപോകയും അപ്പോൾ ജലത്തിലുണ്ടായ പതപട്ടക്കാരന്റെ കാൽ പതിച്ചിരുന്ന സ്ഥലംവരെ വരികയുംചെയ്തു. വീണ്ടും ജലം വായുമണ്ഡലത്തിൽ മലപോലെ ഉയർന്നു; ധൈര്യവാനായ ആ അദ്ധ്യാത്മപരിപാലകൻ അപ്പോഴും പരിശുദ്ധ ദിവ്യകാരുണ്യത്തെ അതിനെതിരായി പിടിച്ചുകൊണ്ടു ഇളക്കമില്ലാത്ത ശരണത്തോട്ടുകൂടെ അതിന്റെ വരവിനെ പാർത്തുനിന്നു. അപ്പോൾ സമുദ്രത്തിൽ അധികമായ ഇളക്കവും വലുതായ കടലിരപ്പുമുണ്ടായി എങ്കിലും പട്ടക്കാരന്റെ കാൽപാദംവരെ വന്നശേഷം വലിയകോൽ അവസാനിച്ചു. പരിശുദ്ധദിവ്യകാരുണ്യത്തിൻമുമ്പാകെ സമുദ്രം ക്രമേണ ശാന്തമായതിനോടെ ജനങ്ങൾക്കും ധൈര്യമുണ്ടായി. ഈ അത്ഭുതസംഭവം നടക്കുന്ന നേരത്തുതന്നെ തുമാക്കോയിക്കുനേരെ എതുവശത്തുണ്ടായിരുന്ന ഗൊർഗൊനൊ എന്ന തുരുത്തു അതിലെ സകല നിവാസികളോട്ടുകൂടെ സമുദ്രത്തിൽ മുങ്ങിപ്പോയി.

ഈ അത്ഭുതത്തിൽനിന്നു പ്രവർത്തിക്കുന്ന ഒരു കാര്യം നമുക്കനുമാനിക്കാം. ഭ്രൂകമ്പത്തെക്കാൾ അധികമായ ശക്തിയോടുകൂടെ രാജ്യങ്ങൾ ക്ഷോഭിച്ചിരിക്കുന്നു. അസംഖ്യം ആത്മാവുകൾ അവിശ്വാസവും ദുരാചാരവുമെന്ന തിരമാലകളിൽ മുങ്ങി നശിക്കുന്നു. ഈ വിധനാശം നമുക്കും നേരിടാതിരിപ്പാൻവേണ്ടി ഈശോയുടെപക്കൽചെന്നു ശ്ലീഹന്മാരെപ്പോലെ "കർത്താവെ! ഞങ്ങളെ രക്ഷിക്ക, ഞങ്ങൾ നശിക്കുന്നു" എന്നു തന്നോടുനാമപേക്ഷിക്ക.

Eucharist and Priest April & May 1907.

VI തിരുസ്സഭാചരിത്രം.

(തുടർച്ച)

പ്രേഷിതർ അജ്ഞാനികളോട സുവിശേഷം അറിയിക്കുന്നതിനു ആരംഭിച്ചപ്പോൾ റോമാ മഹാശക്തി ലോകമെങ്ങും പരന്നിരുന്നു. ഇപ്രകാരം ദൈവം തന്റെ തിരുസ്സഭയുടെ അഭിവൃദ്ധിക്കായിട്ട എല്ലാജാതിക്കാരെയും ഒരേകസാമ്രാജ്യത്തിൽ അക്കിത്തീർത്തിട്ടുണ്ടായിരുന്നു. എന്നാൽ സാമാന്യികവും വേദസംബന്ധവുമായ കാര്യങ്ങളിൽ അശേഷം നികൃഷ്ടന്മാരായ ആ ജാതിക്കാരോടു സുവിശേഷത്തിന്നുടത്ത പരിശുദ്ധതയെ പ്രസംഗിക്കുന്നതു വളരെ മഹത്തായതെങ്കിലും അപകടകരവും ദൈവത്താൽ അയക്കപ്പെട്ട അപ്പോസ്തലന്മാർക്കും സാധിക്കാവുന്നതുമായിരുന്നു എന്നതിനു സന്ദേഹമില്ല. അക്കാലത്തിലെ സമുദായത്തിന്റെ സ്ഥിതി ആലോചിച്ചുനോക്കുന്നതായാൽ അതിനേക്കാൾ പരിതാപകരമായി വേറൊന്നുമില്ല എന്നു പറയേണ്ടിയിരിക്കുന്നു. ദുഷ്ടത

ഏറ്റവും അരോചകമായ വിധത്തിൽ ദൈവിക വേഷം ധരിപ്പിക്കപ്പെട്ടകയും, ദൈവാരാധന അതിന്റെ വിഷയങ്ങളെ അവലംബിച്ചതായിരിക്കയും ചെയ്തിരുന്നു. ദാരിദ്ര്യം ഒരു വലിയ തിന്മയായും, സമ്പത്തും സുഖസന്തോഷങ്ങളും പ്രധാന നന്മകളായും വിചാരിക്കപ്പെട്ടിരുന്നു. പ്രമാണങ്ങൾ ഏറ്റവും പരിശുദ്ധമായവകളെക്കുടെയും ആക്രമിച്ചിരുന്നു. പകൃതിയിലധികം ജനങ്ങൾ അടിമകളായിരിക്കയും അവർ മൃഗങ്ങളെപ്പോലെ വിചാരിക്കപ്പെടുകയും, ക്രൂരകരമായതും ഏറ്റവും ഹീനമായതുമായ ഓരോ ജോലികളിൽ ഏർപ്പെട്ടത്തപ്പെടുകയും ചെയ്തിരുന്നു. അവരുടെ യജമാനന്മാർക്കു തങ്ങളുടെ ഇഷ്ടംപോലെ അവരെ കൊല്ലുന്നതിനും പാടുണ്ടായിരുന്നു. റോമാക്കാരുടെ പ്രധാന സന്തോഷം ഓരോ വിശേഷാവസരങ്ങളിൽ നടത്തപ്പെട്ടിരുന്ന മുഷ്ടിയുദ്ധമായിരുന്നു. ഇപ്രകാരമുള്ള മുഷ്ടിയുദ്ധങ്ങളിൽ പലപ്പോഴും ഒരു മാസത്തിന്നിടയ്ക്കു ഇരുപതിനായിരം ആളുകളോളം കൊല്ലപ്പെട്ടിരുന്നു. റോമാ നഗരത്തിൽ നിന്നും അകന്നു വസിച്ചിരുന്ന ജനങ്ങൾ ദുഷ്ടതയിൽ ഇതുയും അധികരിച്ചിരുന്നില്ല എങ്കിലും വേദസംബന്ധമായ കാര്യങ്ങളിലും മറ്റും റോമാക്കാരോട്ട സമമുള്ളവരായിരുന്നു. റോമാസാമ്രാജ്യം മുഴുവനും ഒരു വലിയ സോദോം (Sodom) ആയിരുന്നു. പരിശുദ്ധമായതും നാനാഭാഗത്തു നിന്നും ഞെരുക്കം സഹിച്ചിരുന്നതുമായ ക്രിസ്തുമതം ഇതു ദുഷ്ടരായ ജനങ്ങളുടെയിടയിൽ തുലോം വേഗത്തിൽ പരന്നു എന്ന ഈ സംഗതി മാത്രം ഇതിന്റെ ദൈവികത്വത്തെ തെളിയിക്കുന്ന മറ്റതലിച്ചുകുടാത്ത ഒരു സാക്ഷിയാകുന്നു. ദൈവത്തിന്റെ വരപ്രസാദവും അദരവും പ്രേഷിതരുടെ പ്രസംഗത്തെ അനുഗമിച്ചിരുന്ന പ്രത്യക്ഷങ്ങളും എന്നിവകൊണ്ടുമാത്രം ഇതു അത്ഭുതകരമായ ഒരു മാറ്റം സംഭവിച്ചിരിക്കയിൽ ഇതു ദൈവികമെന്നു അനുസരിക്കാതിരിക്കുന്നതിനു തരമില്ല.

പൂർവ്വക്രിസ്ത്യാനികളുടെ പുണ്യദൃഷ്ടാന്തങ്ങളെക്കാൾ അധികം മനോഹരവും മനസ്സിളക്കുന്നതുമായി വേറെ യാതൊന്നുമില്ല. അവരുടെ ജീവിതത്തെ അവരുടെ ഇടയിൽ വസിച്ചിരുന്ന അജ്ഞാനികളുടെ ജീവിതത്തോട്ട താരതമ്യപ്പെടുത്തി നോക്കിയാൽ ദൈവവരപ്രസാദത്തിന്റെ അതിശയകര ശക്തിയെ നമുക്കു ഗ്രഹിക്കാവുന്നതാണ്. അവർ ജ്ഞാനസ്നാനം കൈക്കൊണ്ട ക്ഷണംതൊട്ട അവരുടെ മുൻജീവിതത്തിന്റെ യാതൊരു മലിനതയും അവരിൽ കാണ്മാനില്ലായിരുന്നു എന്നുമാത്രമല്ല നവീനവും അന്തരംഗവും ദൈവികവുമായ ഒരു ജീവിതം കഴിക്കുന്നതിന്നു അവർ ആരംഭിക്കയും മുമ്പിൽ അസാദ്ധ്യമായി തോന്നിയിരുന്നവകൾ ഇപ്പോൾ അവക്കു വളരെ സുലഭമായിതീരുകയും ചെയ്തിരുന്നു. മാംസേഛയുടെ അടിമകളായിരുന്നവർ ഇപ്പോൾ മിതഭോഗികളും ഹൃദയശുദ്ധരും ആയിതീർന്നു; അത്യാഗ്രഹികൾ കുരിശിൽ മാത്രം സാക്ഷാൽ മഹിമയെ കണ്ടെത്തി. സകലരും ആശാപാശങ്ങളെ അമർത്തി, ക്രിസ്തീയപുണ്യങ്ങളെ അഭ്യസിച്ചിരുന്നു. ഈ ജീവിതത്തിലെ സുഖസന്തോഷങ്ങളെ അവർ വെറുക്കയും, വേലകളിലും, നോമ്പിലും, മൌനത്തിലും ഏകാന്തത്തിലും പ്രത്യേകതാല്പര്യം വെക്കയും ചെയ്തു. അവരുടെ പ്രധാന തൊഴിൽ ജപമായിരുന്നു. "ഇടവിടാതെ പ്രാർത്ഥിക്കുക" എന്ന ശ്ലീഹായുടെ വചനത്തെ അവർ മിക്കവാറും അക്ഷരാർത്ഥമായി അനുസരിച്ചിരുന്നു. ഇപ്രകാരമുള്ള ഒരു മാറ്റം ലോകത്തെ ഇല്ലായ്മയിൽനിന്നു സൃഷ്ടിച്ച ആ ശക്തിയുടെ ഒരു പ്രവൃത്തിതന്നെയാകുന്നു. ഈ ശക്തി മനുഷ്യഹൃദയത്തെ അതിന്റെ സ്വാതന്ത്ര്യത്തിന്നു യാതൊരു ഭംഗവും വരുത്താതെ തനിക്കു കീഴ്പ്പെടുത്തുകയിൽ ഇതു് ഏറ്റവും വിശേഷവിധത്തി

ൽ പ്രകാശിക്കുന്നു. ആദ്യത്തെ വിഷയത്തിൽ ദൈവം നിജ്ജീവവസ്തുക്കളിന്മേൽ തന്റെ ശക്തിയെ പ്രയോഗിക്കയും യാതൊരു തടസ്സത്തെയും കണ്ടെത്താതിരിക്കയും ചെയ്യുന്നു. രണ്ടാമത്തെ വിഷയത്തിൽ മനുഷ്യൻ സ്വാതന്ത്ര്യമായ ഒരു സരണ തനിക്കു കാണിക്കുന്നതിനു ദൈവം അഗ്രഹിക്കുന്നു. ഇതിനായി ഏതുക്കുന്നതിനുള്ള ശക്തിയും അവനു കൊടുത്തിരിക്കുന്നു. ൨൮൨ · ൨ · ൫

VII പ്രതിഷ്ഠാജപം.

കാലംചെയ്ത ഫ—ാമത്തെ ലേയോ പാപ്പാ തിരുമനസ്സുകൊണ്ടു ഫ്വൻൻ—ാമാണ്ടു മെയിമാസം ൨൩ാംനു- മനുഷ്യവർഗ്ഗം മുഴുവനേയും ൦രംശോയുടെ എത്രയും ശുദ്ധ തിരുഹൃദയത്തിനു കയ്യാളിച്ച ആ പ്രതിഷ്ഠാകർമ്മത്തെ ഈയാണ്ടു മുതൽ ആണ്ടുതോറും തിരുഹൃദയ പെരുന്നാൾ ദിവസത്തിൽ എല്ലാ ഇടവകകളിലും ശുദ്ധ കുർബാന പരസ്യമായി എഴുന്നള്ളിച്ചുവെച്ചുകൊണ്ടു കഴിക്കേണ്ടതാണെന്നു ഇപ്പോൾ വാഴുന്ന പത്താം പീയൂസ് പാപ്പാ ഈ കഴിഞ്ഞ ൨൩ാംനു- എഴുതിയ ഒരു തിരുലേഖനംമൂലം കല്പിച്ചിരിക്കുന്നു. ഈ ക്രിയയ്ക്കു വന്നുകൂടുന്ന ഓരോരുത്തനും മാപ്പപ്പായുടെ നിയോഗപ്രകാരം പ്രാർത്ഥിച്ചാൽ ൭ വർഷത്തേയും ൭ മണ്ഡലത്തേയും ദണ്ഡവിമോചനങ്ങളെ പ്രാപിക്കാവുന്നതാണ്. കുമ്പസാരിച്ചു ശുദ്ധ കുർബാനകൂടി ഉൾക്കൊള്ളുന്നതായാൽ പൂർണ്ണദണ്ഡവിമോചനവും പ്രാപിക്കാവുന്നതാകുന്നു. പ്രതിഷ്ഠാജപം താഴെ കാണുന്നതാകുന്നു:-

തിരുഹൃദയത്തിന്റെ പെരുന്നാൾ ദിവസം ആണ്ടുതോറും പള്ളിയിൽ പ്രസിദ്ധമായിട്ടു ചൊല്ലേണ്ടുന്ന ൦രംശോ മിശിഹായുടെ തിരുഹൃദത്തിനുള്ള

പ്രതിഷ്ഠാജപം.

മനുഷ്യവർഗ്ഗത്തിന്റെ രക്ഷിതാവായ എത്രയും മധുരിക്കപ്പെട്ട ഈശോയെ! അങ്ങേ പീഠത്തിങ്കൽ എത്രയും വലിയ എളിമയോടുകൂടെ സാഷ്ടാംഗം വീണു കിടക്കുന്ന ഞങ്ങളെ അങ്ങു ദയയോടെ തൃക്കണ്ണാക്കേണമെ! ഞങ്ങൾ നിനക്കുള്ളവരായിരിക്കുന്നു. നിനക്കുള്ളവരായിരിപ്പാൻ മനസ്സായിരിക്കയും ചെയ്യുന്നു. ഏറ്റം ഉറപ്പായി നിന്നോടു ഒന്നിപ്പാൻ പാടാകുന്നതിനുവേണ്ടി ഇതാ ഇന്നു ഞങ്ങളിൽ ഓരോരുത്തർ മുഴുമനസ്സോടെ ഞങ്ങളെ നിന്റെ തിരുഹൃദയത്തിനു കാഴ്ചവെക്കുന്നു. എന്നാൽ മനുഷ്യരിൽ അനേകർ ഒരിക്കലും നിന്നെ അറിഞ്ഞിട്ടില്ല, മറ്റനേകർ നിന്റെ തിരുപ്രമാണങ്ങളെ നിന്ദിച്ചുകൊണ്ടു നിന്നെ ധിക്കരിച്ചുപേക്ഷിച്ചിരിക്കുന്നു.

എത്രയും ദയയുള്ള ൦രംശോയെ! ഈ ഇരു സ്ഥിതിക്കാരുടെമേലും അങ്ങു കൃപയായിരിക്കേണമെ! സകലരേയും അങ്ങേ തിരുഹൃദയത്തിങ്കലോട്ടു വലിക്കേണമെ! കർത്താവെ, ഒരിക്കലും അങ്ങേ വിട്ടുപിരിയാത്തവരായ കത്തോലിക്കവിശ്വാസികൾക്കു മാത്രമല്ല, അങ്ങേ വിട്ടുപേക്ഷിച്ച നശീകര മക്കളായവർക്കും അങ്ങു രാജാവാകേണമെ! ഇവർ അരിഷ്ടതയും പട്ടിണിയുംകൊണ്ടു നശിക്കാതിരിപ്പാൻവേണ്ടി വേഗത്തിൽ പിതാവിന്റെ വീട്ടിൽ പിന്തിരിഞ്ഞു വരുവാൻ കൃപചെയ്യേണമെ! അബദ്ധാഭിപ്രായംകൊണ്ടു തെറ്റിപ്പോയിരിക്കയും ഭിന്നിച്ചു പിരിഞ്ഞുപോയിരിക്കയും ചെയ്യുന്നവർക്കും അങ്ങു രാജാവായിരിക്കയും വേഗത്തിൽ ഏക തൊഴുത്തും ഏക ഇടയനുമാകുവാൻ വേണ്ടി ഇവരെയും സത്യത്തിന്റെ ഇരയിലേക്കും, വിശ്വാസത്തിൻ ഐക്യതയിലേക്കും ഒന്നിച്ചു ചേർക്കയും ചെയ്യേണമെ. അജ്ഞാനികളുടെ പഴയ അബദ്ധാചാരത്തിൽ ഉൾപ്പെട്ടിരിക്കുന്ന സകലർക്കും അങ്ങു രാജാവായിരിക്കേണമെ. അവരെ അന്ധകാരത്തിൽ നിന്നു നീക്കി ദൈവവെളിവിലും ദൈവരാജ്യത്തി

ലും ആക്കിയരുളേണമെ. കത്താവെ! അങ്ങേ തിരുസ്സഭയ്ക്ക് ഭദമായ സ്വാതന്ത്ര്യവും ആദരവും നൽകിയരുളേണമെ. സകല ജനങ്ങളിലും സമാധാനവും നല്ല ക്രമവും വരുത്തേണമെ!. നമുക്കു രക്ഷ നൽകിയിരിക്കുന്ന ംരംശോയുടെ ദിവ്യ ഹൃദയത്തിനു സ്തുതിയുണ്ടായിരിക്കട്ടെ. ഈ ദിവ്യ ഹൃദയത്തിനു എന്നന്നേക്കും മഹത്വവും ബഹുമാനവും ഉണ്ടായിരിക്കട്ടെ എന്ന ംരം ഏകസ്വരം ലോകത്തിന്റെ ഒരറുതി മുതൽ മറേറയറുതിവരെ ധ്വനിപ്പാനും അങ്ങനുതന്നെ ഇടയാക്കിയരുളേണമെ. ആമ്മേൻ.

(തി. ദ്യ.)

VIII ഒരു ഭക്തിയുള്ള അമ്മ വിദ്യാർത്ഥിയായ തന്റെ മകനോട് പറഞ്ഞ ഉപദേശം.

എന്റെ മകനെ! നിന്റെ അമ്മയുടെ ംരം ഉപദേശത്തെ, അഥവാ കല്പനകളെ നിന്റെ ഹൃദയത്തിൽ ശ്രദ്ധാന്തിയോടെ നീ കാത്തുകൊള്ളേണം. എന്തുകൊണ്ടെന്നാൽ ഇവ ദൈവത്തിന്റെ കല്പനകൾ തന്നെയാകുന്നു.

൧. ദുർമ്മാർഗ്ഗികളോട്ട നീ കൂടരുതു.

൨. ആകാത്ത പുസ്തകങ്ങളെയും വർത്തമാനപത്രങ്ങളെയും വായിക്കരുതു.

൩. പാപത്തിനുള്ള ഹേതുക്കളിൽ നിന്നു എപ്പോഴും ജാഗ്രതയോടെ ഒഴിഞ്ഞുപോകണം.

൪. ഏതേതു സ്ഥലത്തും നിന്നെ പിഞ്ചെല്ലുകയും, എപ്പോഴും നിന്നോടുകൂടെ ഉണ്ടായിരിക്കയും ചെയ്യുന്ന നിന്റെ കാവൽമാലാഖയെ ഒരിക്കലും നീ വിസ്മരിക്കരുതു.

൫. ഭക്തിയും ദൈവഭീതിയുമില്ലാത്തവർ കൂട്ടംകൂടുന്ന സ്ഥലങ്ങളിൽ നീ പോകരുതു.

൬. എന്നന്നേക്കുമുള്ളതുതായ ആത്മരക്ഷയുടെ കാര്യംകൊണ്ടു പറയുമ്പോൾ അതിനെ നിന്ദിക്കയൊ, ഉദാസീനതയായി കൊൾക്കയൊ, കടന്നുപോകയൊ ചെയ്യരുതു.

൭. നിന്റെ നിരൂപണ, വചനം, പ്രവൃത്തികൾ സംബന്ധമായി നിന്റെ മനസ്സാക്ഷിയെ ശോധനചെയ്യ, കാണുന്ന അറകുറകങ്ങളെ തീർപ്പാൻ ഒരുദിവസവും ഉപേക്ഷ വരുത്തരുതു.

൮. ഒരിക്കലും നീ അനുസരിച്ചിരിക്കുന്ന സത്യവിശ്വാസത്തെ മറെക്കയൊ അതിനെക്കുറിച്ചു വ്യാപ്തി കാണിക്കയൊ ചെയ്യരുതു.

൯. നിന്റെ ശക്തിയും സാമർത്ഥ്യവും കൊണ്ടു മാത്രം ആപത്തുകളിൽ നിന്നു ഒഴിഞ്ഞു രക്ഷപെടാമെന്നു ഒരിക്കലും വിചാരിക്കരുതു.

൧൦. വല്ലൊരു നന്മപ്രവൃത്തി ചെയ്യാതെ ഒരു ദിവസവും കടന്നുപോകരുതു.

൧൧. ശു. ക്രൂദാശകളെ ക്രൂടക്കൂടെ കൈക്കൊൾവാൻ ഉപേക്ഷ വരുത്തരുതു.

൧൨. എതുയും ഭാഗ്യപ്പെട്ട കന്യാസ്ത്രീ ദേവമാതാവിനെ സ്നേഹിച്ചു ബഹുമാനിക്കുന്നതിൽ നീ വിശ്വസ്തനായി നിലനിൽക്കുമെങ്കിൽ, നിന്റെ നിത്യരക്ഷയെക്കുറിച്ചു ഒരിക്കലും സംശയിക്കേണ്ട.

(തി. ദ്യ.)



തിരുഹൃദയ ഭക്തന്മാർ

ഫൻാെ ഇടവമാസത്തിൽ വെയ്ക്കേണ്ട പൊതുക്കരുതൽ.

'ദേവമാതാവിൻ തിരുഹൃദയ ഭക്തി' വിവരണം.

ഹൃദയം എന്നതു സ്നേഹത്തിൽ ഉരി

ച്ചിടമെന്നും, സ്നേഹത്തിൻ അടയാളമെന്നും ചൊല്ലപ്പെട്ടുന്നു. ആയതുകൊണ്ടു ദേവമാതാവിൽ ഹൃദയമെന്നു പറയുമ്പോൾ ദൈവജനനിക്കു മനുഷ്യരുടെ മേലുള്ള സ്നേഹം എന്നു അർത്ഥം ജനിക്കുന്നു. ദേവമാതാവു, മനുഷ്യർക്കു മാതാവായി തരപ്പെട്ടിരിക്കുന്നതിനാൽ, ഒരു മാതാവിൻ തിരുഹൃദയം അതിരറ്റ സ്നേഹം നിറഞ്ഞു വർദ്ധിച്ചിരിക്കുന്ന സമുദ്രം പോലെആയിരിക്കുന്നു. അനുഗ്രഹവും ദയയും മധുരവും കൊണ്ടു, തനിക്കു മക്കളായി നൽകപ്പെട്ടിരിക്കുന്ന മനുഷ്യരെ ഒരു മാതാവു സ്നേഹിച്ചുവരുന്നു. തള്ളയെപ്പോലെ പിള്ളയായിരുന്നാൽ പിള്ളയെപ്പോലെ തള്ളയും ഇരിയ്ക്കുണ്ടതാണ്. ആയതിനാൽ ദേവമാതാവിൻ തിരുഹൃദയം ഒരുശോമിശിഹായുടെ തിരുഹൃദയത്തിൻ ഉത്തമ ഛായലായിരിക്കണം. മുഖകണ്ണാടിയിൽ ഒരു വസ്തുവിന്റെ രൂപം ഒരുനു ഭേദംകൂടാതെ കാണപ്പെടുന്നതുപോലെ ദൈവ ജനനിയിൻ തിരുഹൃയത്തിൽ ഒരുശോമിശിഹായുടെ തിരുഹൃദയത്തിൻ ഛായ ഉത്തമവിധത്തിൽ കാണാവുന്നതാണ്. ഒരു ഇരു ഹൃദയങ്ങൾ തമ്മിലുള്ള വ്യത്യാസമെന്തെന്നാൽ, ഒരുശോമിശിഹായുടെ തിരുഹൃദയത്തോടു ദൈവസ്വഭാവം പിരിവാൻ പാടില്ലാത്തവണ്ണം ചേർന്നിരിക്കുന്നതിനാൽ ഒരു തിരുഹൃദയം ദൈവിക ഹൃദയമായിരിക്കുന്നു. ദേവമാതാവിൻ ഹൃദയമോയെന്നാൽ സൃഷ്ടിക്കപ്പെട്ടതായിരിക്കുന്നു. എന്നുവരികിലും സൃഷ്ടിക്കപ്പെട്ട ഒരു ഹൃദയത്തിനു എത്രമാത്രം നന്മകളും വരങ്ങളും ഇഷ്ടപ്രസാദങ്ങളും സൽഗുണങ്ങളും ദൈവിക അലങ്കാര ലക്ഷണങ്ങളും കൊടുപ്പാൻ പാടുണ്ടോ, അതെയും ഒരുശോമിശിഹാ സംപൂർണ്ണമായും ധാരാളമായും നിറഞ്ഞു കവിഞ്ഞു ഒഴുകുവാൻ തക്കവണ്ണവും കൊടുത്തു തന്റെ മാതാവിനെ അലങ്കരിച്ചിരിക്കുന്നു.

ഇതിനാൽ ഈശോമിശിഹായുടെ പരിശുദ്ധ ഹൃദയം കഴിഞ്ഞാൽ ദൈവജനനിയുടെ തിരുഹൃദയം നമ്മുടെ സ്നേഹത്തിനും വണക്കത്തിനും തക്കതായ ഒരു ഹൃദയമായിരിക്കുന്നു. ഈശോമിശിഹായുടെ തിരുഹൃദയത്തിൽ നമ്മുടെമേൽ അളവറ്റസ്നേഹം ഉണ്ടായിരുന്നാലും നമ്മുടെ അമ്മയുടെ ഹൃദയത്തിലുള്ള സ്നേഹമാണു നമ്മെ കാന്തംപോലെ ഉഗ്രമായി വലിക്കുന്നതു്. എങ്ങനെയെന്നാൽ ഈശോമിശിഹാ നമ്മെപ്പോലെ മനുഷ്യനായിരുന്നാലും തന്നിൽ ദൈവിക മഹിമപ്രതാപം സംപൂർണ്ണമായി മറഞ്ഞിരിക്കുന്നു. തന്നിലുള്ള ദൈവികപ്രകാശം നമ്മുടെ നേത്രങ്ങളെ മഞ്ഞമാക്കി നമ്മുടെ മനസിൽ ഭയവും ഞെട്ടക്കവും വരുത്തുന്നു. എന്നാൽ ദൈവജനനിയുടെ പക്കൽ അടുക്കുന്നതിനു ഇപ്രകാരമുള്ള ഭയം നമുക്കില്ല. എന്നു മാത്രമല്ല, ഈ മാതാവു നമുക്കു അമ്മയായിരിക്കുന്നതിനാൽ സ്വാഭാവികമായിതന്നെ സ്നേഹവും മനോവിശ്വാസവും ധൈര്യവും നമ്മുടെ മനസ്സിൽ ഉണ്ടാകും. ഇപ്രകാരം മനുഷ്യർക്കു സ്വഭാവത്താലെയുള്ളതായ ഈ ചാഞ്ചിലിനെ ഈശോമിശിഹാ കണ്ടുകൊണ്ടു മനുഷ്യർക്കു ഒരു പൊതുമാതാവായി തന്നെ പെറുവളർത്തിയ ജനനിയെ തന്റെ മരണത്തിൻമുമ്പു നമുക്കു മാതാവായി താൻ തന്നു. സർവ്വേശ്വരൻ തന്റെ നിശ്ചയത്തെ യഥേഷ്ടം നിറവേറുവാൻ സർവ്വശക്തനായിരിക്കയാൽ താൻ ആരെയെങ്കിലും ഒരു തൊഴിലിന്നായിനിശ്ചയിച്ചാൽ ആതൊഴിൽ നിറവേറുന്നതിനു വേണ്ടിയിരിന്നവയൊക്കയും സംപൂർണ്ണമായി ആ അൽക്കു നൽകും.

ഇപ്രകാരംതന്നെ ദൈവജനനിയെ, സകല മനുഷ്യർക്കും മാതാവായിനിയമിച്ചിരിക്കുന്നതുകൊണ്ടു ഈ നാഥ മനുഷ്യഗണം മുഴുവനെയും സ്നേഹിച്ചു സംരക്ഷണം ചെയ്യുന്നതിനു മതിയായതും ഉചിതമായതുമായ ഒരു ഹൃദയം താൻ ഈ നാഥയ്ക്കു കൊടുത്തിരിക്കുന്നു. ഇതിനാലെ ദൈവജനനി മാധുര്യമാ

യ സ്നേഹത്തോടെ എല്ലാവരെയും സ്നേഹിച്ചുവരുന്നു.

ഈ തിരുഹൃദയത്തിന്നു യോഗ്യമായ സ്നേഹവും നന്ദിയും കാണിക്കുന്നതിന്നായിട്ടു, ഈ മാസം തക്ക അവസരമായിരിക്കുന്നു. ഈ മാതാവിന്റെ വണക്കമാസം പതിവിലെന്നിയെ അധിക ഭക്തിയോടുകൂടെ ഈ അണ്ടിൽ കഴിക്കുന്നതിന്നു എല്ലാവരും ശ്രമിക്കണം. ദേവമാതാവിന്റെ തിരുഹൃദയം ഈശോമിശിഹായുടെ തിരുഹൃദയത്തോടു ഏറ്റം തുല്യമായിരുന്നതുപോലെ നമ്മുടെ ഹൃദയം ഈ മാതാവിന്റെ ഹൃദയത്തോടു തുല്യമാകുന്നതിന്നുവേണ്ടി എല്ലാ അല്പകുറ്റങ്ങളും നമ്മുടെ ഹൃദയത്തിൽ നിന്നു നീക്കുന്നതിന്നും മാതാവിൽ വിളങ്ങിയ പുണ്യങ്ങളാൽ നമ്മുടെ ഹൃദയത്തെ അലങ്കരിക്കുന്നതിന്നും ജാഗരൂകന്മാരായിരിക്കണം.

[illegible]

ലോകവർത്തമാനച്ചുരുക്കം.

കഴിഞ്ഞമാസം ഫ്രാൻസ്- മാപ്പാപ്പാ തിരുമനസ്സുകൊണ്ടു സ്പേക്കു കർദ്ദിനാൾ സ്ഥാനം കൊടുത്തിരിക്കുന്നു. ഇവരുൾപ്പടെ ഇപ്പോൾ നാല്പത കർദ്ദിനാൾമാരുണ്ട്. ഇവരിൽ നാലുപേർ ഇത്താല്യൻകാരും ഒരുപേർ അന്യദേശീയരും ആകുന്നു.

൨. വരാപ്പുഴെ കത്തോലിക്കു സംഘത്തിന്റെ ഒരു പൊതുയോഗം ഈമാസം ഫ്രാൻസ്- പള്ളിപ്പുറത്തുവച്ചു കൂടുന്നതാണ്.

൩. ആറുങ്ങൽ ഇളയതമ്പുരാൻതിരുമനസ്സിലെ പള്ളിക്കെട്ടു കഴിഞ്ഞമാസം ൨൪-ാംനു- വളരെ മംഗളമായി നടത്തിയിരിക്കുന്നു.

൪. പോർട്ടുഗലിലേക്കു പോയിരിക്കുന്ന നി. വ. ദി. ശ്രീ. കൊച്ചീമെത്രാനവർകൾ തിരിച്ചെ വരുമ്പോൾ ഗോവ പാത്രിയക്കീസായി നിയമിക്കപ്പെട്ടമെന്നു കേൾക്കുന്നു.

൫. ജെറുസലേം പട്ടണത്തിലെ യൂദന്മാരുടെ പ്രധാന പുരോഹിതനെ തുക്കിസുൽത്താൻ മാറ്റി പകരം മറ്റൊരാളിനെ അദ്ദേഹംതന്നെ തിരഞ്ഞെടുത്തു പട്ടാളക്കാരുടെ അകമ്പടിയോടുകൂടി അവിടേക്കു അയച്ചിരിക്കുന്നു.

൬. കുന്നൂരിലെ പാസ്റ്റിയർ ഇൻസ്റ്റിറ്റ്യൂട്ടിൽ കഴിഞ്ഞ വ്യാഴാഴ്ച മദാസ് ഗവർണരവർകളുടെ സാന്നിധ്യത്തോടുകൂടി ജോലി ആരംഭിച്ചിരിക്കുന്നു. ഇപ്പോൾതന്നെ പേപ്പട്ടി കടിച്ച ഒമ്പതാളുകൾ അവിടെ ചികിത്സക്കായി എത്തിയിട്ടുണ്ട്. പണിവകക്കായുംമറ്റും ചിലവായിട്ടുള്ള പണത്തിനു പുറമെ പ്രതിവർഷം ഇതിന്റെ നടത്തിപ്പിലേക്കു നാല്പതിനായിരം രൂപാ വേണ്ടിയിരിക്കുന്നതു രാജാക്കന്മാർ, പ്രഭുക്കന്മാർ മുതലായവർ കൊടുക്കണമെന്നാണ് വെച്ചിരിക്കുന്നതു്.

൭. അൽഫൊൻസൊരാജാവു എഡ്വർഡ് മഹാരാജാവു തിരുമനസ്സിലേക്കു തന്റെ സൈന്യത്തിന്റെ ക്യാപ്റ്റൻ ജനറൽ എന്ന സ്ഥാനം നൽകിയിരിക്കുന്നു. അൽഫൊൻസോവും രാജ്ഞിയും ഫെർഡിനൻഡ് എന്ന ശിശുരാജാവും മഹാരാജാവിനേയും രാജ്ഞിയേയും അലക്സാണ്ട്രായിൽവച്ചുകണ്ടു.

൮. ചീനരാജ്യത്തു ക്ഷാമം വളരെ കലശലാണ്. ഒരുകോടി ജനം ക്ഷാമപീഡിതരായുള്ളതിൽ മുപ്പതു ലക്ഷവും പട്ടിണികിടക്കുകതന്നെയാണ്. ദിനംപ്രതി അയ്യായിരംപേർ മരിക്കുന്നു. പുറരാജ്യങ്ങളിൽനിന്നും സഹായംചെയ്തുകൊടുക്കണമെന്നു വൈസ്രോയി കമ്പി അയച്ചു അപേക്ഷിച്ചിരിക്കുന്നു.

൯. പാടുവായിലെ ബനിഡിക്ടിൻ ആബിക്കു മുപ്പതിനായിരം പ്രാങ്കും, മൊൻറുകാസിനോയിലെ സെൻറ് ബനിഡിക്ടിന്റെ ശവകുടീരാലങ്കാരത്തിനു പതിനയ്യായിരം പ്രാങ്കും ഇത്തലി രാജാവു ഈയിടെ ദാനംചെയ്തിരിക്കുന്നു.

൧൦. പ്രാഥമിക വിദ്യാഭ്യാസം പീസുകൂടാതെ പഠിപ്പിക്കുന്നതിനു വേണ്ട ആലോചനകൾ ഇൻഡ്യാഗവർമ്മേണ്ടു നടത്തിവരുന്നു.

൧൧. ഏപ്രിൽ മാസത്തിന്റെ മൂന്നാമത്തെ ആഴ്ചയിൽ ഇൻഡ്യാ ഒട്ടുക്കു വ്യാപിച്ചു ആളുകൾക്കു പ്ലേഗു പിടിച്ചതായും എണ്ണായിരത്തോളം ആളുകൾ മരിച്ചതായും കാണുന്നു.

൧൨. ഇതുവരേയുണ്ടാകാത്ത ഒരു കൊടുങ്കാറ്റു ഈയിടെ സിലോണിൽ ഉണ്ടായിരിക്കുന്നു. പള്ളികൾ, പാഠശാലകൾ, വീടുകൾ, തോട്ടങ്ങൾ, തെങ്ങുകൾ മുതലായവ നശിപ്പിക്കപ്പെട്ടു. ഇതുമൂലം പത്തു ലക്ഷം രൂപായുടെ നഷ്ടമുണ്ടെന്നു പറയപ്പെടുന്നു.

൧൩. നി. വ. ദി. ശ്രീ മൈലാപ്പൂർ മെത്രാനവർകൾ ഗ്രൂപ്പട്ടം ഏറ്റതിന്റെ രജതജൂബിലി കഴിഞ്ഞമാസം വ്യാ- ഭംഗിയായി ആഘോഷിക്കപ്പെട്ടിരിക്കുന്നു.

൧൪. പ്രതിവർഷം മാപ്പിളമാരുടെ ജ്ഞാപകാർത്ഥം ഒരു കാഴ്ചരൂപം Medal അടിക്കുക പതിവാണു്. ഇക്കൊല്ലം പത്താം പീയൂസു മാപ്പിളാ പ്രാൻസു നാടുകാരായ മെത്രാന്മാരെ അഭിഷേകം ചെയ്യുന്നപ്രകാരമാണു് അടിക്കപ്പെട്ടിരിക്കുന്നതു്.

൧൫. തിരുഹൃദയ വണക്കമാസം പ്രസിദ്ധമായി കൊണ്ടാടുന്ന ദേവാലയങ്ങളെ ജൂൺമാസം ൨൦൨൰ മുറപ്രകാരം സന്ദർശിക്കുന്ന ഓരോ പ്രാവശ്യം പരിപൂർണ്ണ ദണ്ഡവിമോചനം മാപ്പിളാ തിരുമനസ്സുകൊണ്ടു നൽകിയിരിക്കുന്നു.

൧൬. ഇംഗ്ലണ്ടു്, ഇറാലി ഈ രാജ്യങ്ങളിലെ മഹാരാജാക്കന്മാർ തമ്മിൽ ഈയിടെ ഒരു കൂടിക്കാഴ്ച നടന്നിരിക്കുന്നു.

൧൭. കർമ്മലീത്താ ദിസ്കാൽസു് സഭയുടെ പുതിയജനറാൾ— ൦രം൦ശോയുടെ തിരുഹൃദയത്തിന്റെ എസക്യേൽ എന്ന വന്ദ്യ വൈദികനെ ഇക്കഴിഞ്ഞമാസം ൨൦൨൰ റോമിൽ കർമ്മലീത്താക്കാരുടെ പ്രൊപ്പോസിഞ്ഞുസ് ജനറാലീസു് എന്ന ഉന്നതസ്ഥാനത്തിൽ തിരഞ്ഞെടുത്തിരിക്കുന്നതായി അറിയുന്നു.

൧൮. ചങ്ങനാശേരി അമലോത്ഭവ ജൂബിലിസ്മാരക കപ്പേള— ജനങ്ങൾ പരിശുദ്ധജനനി വഴിയായി സദാ ലഭിച്ചുവരുന്ന അനവധി ഉപകാരസഹായങ്ങൾ മുഖാന്തരം, പ്രസ്തുത കപ്പേളയിൽ നേർച്ചകാഴ്ചകൾ വർദ്ധിച്ചും പ്രതിദിനം കുർബാനകൾ നടന്നും വരുന്നുവെങ്കിലും, പട്ടക്കാരുടെ ദൗർലക്ഷ്യത്താൽ അവിടെ സ്ഥിരമായി ഒരാൾ താമസിക്കുന്നതിനു ഇതേവരെ ഏർപ്പാടുചെയ്തിട്ടില്ലാ. എന്നാൽ അന്യസ്ഥലങ്ങളിൽനിന്നും പട്ടക്കാരുവന്നു വിശ്വാസികളുടെ ആഗ്രഹം സാധിക്കുന്നതിനു ഏറ്റം സൌകര്യമുണ്ടാകുവാൻവേണ്ടി നി. വ. ദി. ശ്രീ. ചങ്ങനാശേരി വികാരി അപ്പസ്തോലിക്ക അവർകൾ കഴിഞ്ഞമാസം ൨൦൨൰ ചെയ്ത ഒരു നിയമത്താൽ ഈ കപ്പേളയിൽ ചൊല്ലുന്ന കുർബാനയ്ക്കുള്ള ധർമ്മം ഒരു ബ്രിട്ടീഷ് രൂപയായി നിശ്ചയിച്ചിരിക്കുന്നു.

൧൯. മഹാദിവ്യശ്രീ കർദ്ദിനാൾ മാക്കി അവർകൾ പെട്ടെന്നുള്ള ദീനത്താൽ ഈയിടെ റോമിൽവച്ചു പരലോകപ്രാപ്യനായിരിക്കുന്നു. R. I. P.

൨൦. കൊച്ചീരൂപതയുടെ വികാരിജനറാളായിരുന്ന വ. ദിവ്യശ്രീ ബഞ്ചമിൻ പാദ്രി അവർകൾ ഏപ്രിൽ ൨൯൰ ജ്വരാതിസാരത്താലും, വയ്പിൽ പള്ളി വികാരിയായിരുന്ന ബ. ജയിംസ് എവറേട്ട പാദ്രി അവർകൾ ഈമാസം ൨൦—൦൨൰ വിഷൂചികയാലും, പുത്തൻചിറപ്പള്ളി വികാരി ബ. മാളിയേക്കൽ (ക്രുനൻ) പൌലോസച്ചൻ അവർകൾ കഴിഞ്ഞമാസം ൧൯൰ അന്യക്രൂദാശകളൊക്കെയും കൈക്കൊണ്ടു മരണം പ്രാപിച്ചിരിക്കുന്നു. ഈ ആത്മാവുകളുടെ ആശ്വാസത്തിനായി വിശ്വാസികൾ പ്രാർത്ഥിപ്പാറാകണം.

മാന്നിക്കാവരിപ്പണം അടച്ചവരുടെ പേരുവിവരം.

മ. രാ. രാ. ഒരു ശ്രുപാവീതം. അവർകൾ.

ഡി. ജി. ഡി മോറീസു, പി. ബി. ജോൺ, വെളങ്ങാട്ടിൽ ഔസേപ്പു, ബ. പഞ്ഞിക്കാരൻ കുറിയാക്കോസു ക., ബ. സെബാസ്ത്യാൻ ഐദർമഠത്തിൽ തളിയത്തു പൌലോ പൈലിചാക്കപ്പൻ, ചെന്നക്കാടൻ മുണ്ടഞ്ചിറ ചാക്കുവക്കി, ബ. ഔസേപ്പച്ചമന്നിപ്പാടി, മാനാടൻ തോമ്മാ ഔസേപ്പു, മുണ്ടഴ-ൻ മാത്തുചാക്കു, ക്രമാവു കന്യാസ്ത്രീമഠത്തിൽ ബ. ശ്രേഷ്ഠത്തിഅമ്മ, പുതുശ്ശേരി ചമ്മാക്കുഞ്ഞൂണ്ണി, മണികല്ലുകൽ വക്കി, ചെന്നാട്ടുകാക്കിരശി, മിസ്മേരി എമലിനെറാ, കണ്ടുകുടി തൊമ്മൻ യൌസേപ്പു, സി. സി. ജോസഫ്, തെക്കുപുറമ്പിൽ ചാക്കോ വറുഗീസ്, തിരുവല്ലാ വറുഗീസുപോത്തൻ, കാഞ്ഞിരത്തുങ്കൽ മാത്തുകുഞ്ഞൻ, കണ്ടത്തിൽ ചാണ്ടി അറിവാ, ചാക്കോ വറുഗീസ്, വെള്ളാപ്പള്ളിൽ കുഞ്ഞൻവൈദ്യൻ. വല്യവീട്ടിൽ ഇട്ടിരാ മിഖേൽ. പുത്തൻപുരയ്ക്കൽ മിഖേൽ ലോന്നൻ പൊള്ളയിൽ അച്ചോ ബ്രിഗിത്താ, പള്ളിക്കത്തുമ്പിൽ സിൽവർ അറാത്ത്, വട്ടത്തിൽ വന്ദ്യാൻ വന്ദ്യാൻ, പുത്തൻപുരയിൽ മത്തായ്ത്രയ്യാ പ്രണാന്തമ്മൽ, നടുവിലെപറമ്പിൽ ലിയനാത്ര അന്ന, കൊച്ചിക്കാരൻ വീട്ടിൽ വന്ദ്യാൻ ജോസഫ്, ബ. നെടുമ്പുത്തിയെൻ ഔസേപ്പു ക., ബ. എസ്. എൽ. പ്രസന്തസുപാടി, എൽ പിരാനേസിസു, എ. ഡി. പ്രസന്തസു, കെ. ഏ. പീറർ, കെ. ജെ. സിബാസ്ത്യാൻ, കടവുംകൽ സെബാസ്ത്യാൻ, മറ്റത്തിൽ ചെറിയാൻ യൌസേപ്പു, പുളിക്കൽ കോര ഉലഹന്നൻ, കുരിശുകൽ ചാണ്ടി വക്കി, വെളിപ്പറമ്പിൽ ജോസഫ്, ഐക്കരെ കുഞ്ഞൻ തോമ്മാ, കുന്നുകൽ തിരുവാതുക്കൽ ചാണ്ടി കുഞ്ഞാക്കോ, ഇണ്ടിക്കുഴിയിൽ ചാക്കോ, കരിത്തായിൽ ചാക്കോ ഔസേപ്പു ബ. മരുതൂർ മത്തായി ക., വടക്കുമുറിയിൽ യൌസേപ്പു ബ മാളിയേക്കൽ യൌസേപ്പു ക., കടവന്തട്ടു ഇട്ടിയെരാ യൌസേപ്പു, എളപ്പുകൽ തോമ്മാ ത്രയ്യാ, മേലമ്പാമ്പിൽ ശവയ്യാരു, പുത്തൻപുരക്കൽ ദേവസ്യാ ശവയ്യാരു, കണ്ടത്തിൽ വറുഗീസു പോത്തൻ, മുട്ടാറുകളങ്ങര ദേവസ്യാ ഔസേപ്പു, തെനാനാടിക്കുളത്തിൽ മാത്തൻ പീറർ ജോൺ, ചാലങ്ങാടിയിൽ കൊച്ചുചാക്കി, പാട്ടപ്പാറെ ചാക്കോ ഔസേപ്പു, കുന്നൽ കുഞ്ഞൻ പൈലി. കുഞ്ഞാപുരയിടത്തിൽ പുന്നൂസു മത്തായി, കെ. ജെ. വറുഗീസു, പ്രാൻസിസു ജോൺകുട്ടി പ്രണാന്തസു, പുതിയേടത്തുകുടി... ൽ അഗസ്തി, നമ്പിമഠത്തിൽ തോമ്മാ, മൂലക്കാട്ട ദേവസ്യാ, പി. വി. വറിയു. ക്രാനന്തത്തിൽ ഉലഹന്നൻ ഔസേപ്പു, ചിറയിൽ പോത്തൻ യൌസേപ്പു, മിസ്സുറെജിനാസ്സു, ഏലൻകുന്നത്തു മത്തായി. വട്ടത്തിൽ വന്ദ്യാർ പേതു.

വലവകം.

മറ്റത്തിൽ കുരിശിങ്കൽ ഉലഹന്നൻ ച. വന്നു കാ. ഫ്രാ, ചാരവിലിൽ ചാണ്ടി ച. വന്നു കാ. ഫ്രാ, ബ. കിഴക്കേക്കര മത്തായികു. ച. വന്നു കാ. ഫ്രാ, ബ. വടാനമത്തായികു. ത്രു. ഫ ച. വന്നു കാ. ഫ്രാ, ബ. മരുതുക്കുന്നേൽ തോമ്മാകു. ച. വന്നു കാ. ഫ്രാ, ബ. അയ്യങ്കാനാൽ തോമ്മാകു. ച. വന്നു കാ ഫ്രാ, ബ. വടക്കയിൽ ഗീവറുഗീസുകു. ച. വന്നു കാ. ഫ്രാ, വെച്ചിയാനിക്കൽ ചെറിയാൻ ച. വന്നു കാ. ഫ്രാ, കാലായിൽ കുറിയാക്കോസു ത്രു റ. ബ്ര. ദാവീദു പ്രണാന്തെസു പാട്ടി ത്രു നു ച. വന്നു കാ. ഫ്രാ, കെ. കുഞ്ഞൻ കുഴനി ച. വരു, എളംകുന്നപ്പിഴവി. ജോസഫ് ത്രു റ, ബ. മരുത്തുചാലിൽ യാക്കോ കു. ത്രു ഫ്രാ, ക്രമമാവു കൊവേന്തയുടെ ബ. വികാരിയച്ചൻ ത്രു റ, ബ. ത്രാസ്സികൽ എവു ജെനി കു. ത്രു ഫ ച. വന്നു കാ. ഫ്രാ, ബ. വാഴപ്പറമ്പൽ സ്കറിയാ കു. ത്രു ഫ ച. വന്നു കാ. ന്നു, കോയിപ്പള്ളിൽ ഉലഹന്നൻ ചാക്കോ ത്രു ഇ, പുത്തൻപുരയ്ക്കൽ ജോൺ പത്രോസു ത്രു. റ, കോട്ടയ്ക്കൽ തൊമ്മി കൊച്ചുത്രു. ൾ പറങ്ങാട്ടശ്ശേരി ലോന്നൻ വന്ദ്യാൻ ച. ഫ്രാ, കടവുകൽ വന്ദ്യാൻ ത്രു. ൾ, കോയിക്കര തെക്കേവീട്ടിൽ പൌലോത്രു. ൾ, പണിക്കോപറമ്പിൽ ദേവസ്സി ത്രു. ഇ, മൂലേൽ ചാക്കുണ്ണി ച. ഫ്രാ. കുറിക്കടയിൽ വക്കി ത്രു. ന.

REGISTERD No. M 365.

വിശ്വാസദീപം

പഞ്ചാംഗം—കൊല്ലവർഷം 1098—മുടവൂർ.

മലയാളം		ഇംഗ്ലീഷ്		വിശേഷദിവസങ്ങൾ.	
മാസം	തിയ്യതി	തിയ്യതി	കിഴമ		
മീനം	കവ	1	ബു	(✠) ശു. പിള്ള യാക്കോ. ക. പെ.	ചു. 2
	കൻ	2	വ്യാ	ശു. അ. മെ. മ അത്തനാ. ക പെ.	വെ. 2
	കം	3	വെ	കൂടിശു കുത്ത. അ. ക. പെ. ...	ചു. ചു
	കക	4	ശ	ശു വി മോനിക്കാ. അ. ക. പെ. ...	വെ. 2
	കവ	5	ഞാ	✠ ഉ ദ്ധാരണ. ക. അ. ... (൦)	വെ. ചു
	കന	6	തി	മൂത്തവി. ന. ക. കു.	വ്യാ. ചു
	കര	7	ചൊ	മൂത്തവി. ന. ക. കു ...	വ്യാ. ചു
	കഉ	8	ബു	ന ക. കുരിശാരോ. ന. അ. ക. ന. ...	വ്യാ. ചു
	കന്ന	9	വ്യാ	✠ ന ക. കീരോ. ന ക. പെ ...	വെ. ചു
	കഒ	10	വെ	† ശു. അ. അന്തോനീ. ന. അ. ക. പെ.	വെ. ചു
	കവ	11	ശ	ശു. ഹെ. അ. ഇന്നസെ. ന. അ. ക. പെ	ചു. ചു
	കൻ	12	ഞാ	✠ ഉ. ന്യാ. ന. ക. അ (൨)	വെ. 2
	നം	13	തി	ശു. മറി. നോവാ. ക്രി. ന. അ. ക. പെ.	ചു. 2
	ക	14	ചൊ	ശു. വെ. ഞാനി. ഥ്യാ. ന. അ. ക. പെ.	ബു. 2
	ക	15	ബു	† ശു. ക. ഫ്രാൻ (കപ്പ) ന. അ. ക. പെ.	വ്യാ. 2
	നക	16	വ്യാ	† ശു. മാ. മേരി. വെ. ന. അ. ക. പെ.	ചു. 2
	ര	17	വെ	† ശു ഫ്രാ. അസ്സീ. ന. അ. ക. പെ.	വെ. 2
	ങ	18	ശ	പന്തക്കു സ്താ. ന. അ. ക. ത.	ചു. 2
	ന്ന	19	ഞാ	✠ പന്തക്കു സ്താ. ന. ക. പെ. ... (2)	ചു. ചു
	ഒ	20	തി	(✠) പന്തക്കു സ്താ. ഏ. ന. ക. അ.	ചു. ചു
	ക	21	ചൊ	(✠) പന്തക്കു സ്താ. ഏ. ന. ക. അ	ചു. ചു
മേടം.	കട	22	ബു	പന്തക്കു സ്താ. ത്രി. ന. ക. അ. * (ച.)	ചു. ചു
	കം	23	വ്യാ	പന്തക്കു സ്താ. ത്രി. ന. ക. അ. ...	ചു. ചു
	കഗ	24	വെ	പന്തക്കു സ്താ. ത്രി. ന. അ. ക. (ച.)	ചു. ചു
	കവ	25	ശ	പന്തക്കു സ്താ. ഏ. ന. ത്ര. അ. ക. പന്ത. കാ: ഞാ.	ചു. ചു
	നമ	26	ഞാ	✠ (പന്ത. മാ.) എ ത്രി. ന. അ. ക. പെ. (ച)	വെ. ചു
	കര	27	തി	† ശു. ക. മിയ. ദശ. ന. അ. ക. പെ	വെ. ചു
	കഉ	28	ചൊ	† ശു. സെന്റ് ലൂ. രസ. (മരം വന്നു) ന. അ. ക. പെ.	വെ. ചു
	കന്ന	29	ബു	† ശു. പാ. ഫ്രാൻ ഗ്രീ. (മരം വ) ന. അ. ക. പെ.	വെ. ചു
	കഒ	30	വ്യാ	✠ ശുദ്ധ. കന്യാ. ന. ക. പെ.	വെ. ചു
	കവ	31	വെ	ശു. ക. എ. ന. ക. പെ. ...	വെ. ചു

✠ അടയാളം ഏഴരനാഴിക കഴിഞ്ഞു ദിവസം (✠) കടന്നിരിക്കുന്നു ദിവസം

* ഇരുപതിനാലര ദിവസം † വ്യത്യാസം ചേർക്കപ്പെട്ട തിരുനാളുകൾ.

Printed and Published for the Proprietor by A. P. Mani.
at. St. Joseph's Press, Mannanam.